പത്രാധിപർ എം. എ. ജോൺ

# നിർണ്ണയം

പുസ്തകം 1 ലക്കം 13 | എറണാകുളം 1970 ഏപ്രിൽ 26 ഞായർ | വില 35 സ.

### * ഈ ലക്കത്തിൽ *

* കുറിപ്പുകൾ

രാഷ്ട്രപതി ഗിരി

ഞങ്ങൾ ലജ്ജിക്കുന്നു

കിഴക്കു ചുവന്ന ഗാനം

* കാഴ്ചപ്പാടുകൾ

ലെനിൻ ശതാബ്ദി

ചിന്തകൾ

* ലേഖനം

ഇന്ത്യയിലെ മുസ്ലീംരാഷ്ട്രീയം

ഉപതിരഞ്ഞെടുപ്പു ഫലങ്ങൾ

* എഴുതാപ്പുറം

* കത്തുകൾ

13

കുറിപ്പുകൾ

## രാഷ്ട്രപതി ഗിരി, ഞങ്ങൾ ലജ്ജിക്കുന്നു.

1970 ഏപ്രിൽ 19-ാം ഭാരതത്തിനു ദുർദ്ദിനമായിരുന്നു. രാഷ്ട്രപതി വരാഹ വെങ്കടഗിരി അന്നു സുപ്രീം കോടതിയുടെ സാക്ഷിക്കൂട്ടിൽ കയറി. ഇന്ത്യയുടെ രാഷ്ട്രത്തലവൻ കോടതിയിൽ വച്ച് സാക്ഷിയായി വിസ്തരിക്കപ്പെട്ടു.

നീതിന്യായ വ്യവസ്ഥയിൽ മഹനീയമായ ചരിത്രം സൃഷ്ടിക്കപ്പെട്ടുവെന്നാണ് ഈ സംഭവത്തെക്കുറിച്ച് വാഴ്ത്തപ്പെടുന്നത്. നാണമില്ലാത്തവർക്കു എവിടെ ആലു കിളുക്കുന്നതും തണലായിരിക്കുമല്ലോ.

സുപ്രീം കോടതിയിലെ അഭിഭാഷക പ്രമുഖർ രാഷ്ട്രപതി കോടതിയിൽ കയറിയതിനു ഗണ്യമായ പ്രാധാന്യം കല്പിക്കുന്നുണ്ട്. നിയമത്തിന്റെ ഗൌരവത്തിനും രാജ്യത്തിലെ പരമോന്നത നീതിപീഠത്തിന്റെ അന്തസ്സിനും മാററു കൂട്ടുകയാണ് ഗിരി ചെയ്തതെന്നാണ് അവർ കരുതുന്നത്. സാക്ഷിക്കൂട്ടിൽ കയറാൻ ആളുകൾ കൂടുന്നതനുസരിച്ച് കീശയിൽ കനം കൂടുന്ന കറുത്ത കോട്ടുകാർക്ക് അങ്ങിനെ കരുതാം. പക്ഷെ ജനാധിപത്യത്തിൽ ജനങ്ങളാണ് പരമാധികാരികൾ എന്നു കരുതുന്നവർക്കു രാഷ്ട്രത്തലവനായ ഗിരിയുടെ നാണംകെട്ട പ്രവർത്തിയെ എതിർക്കാതെ തരമില്ല.

രാഷ്ട്രപതി ഭവനത്തിൽവെച്ച് രാഷ്ട്രത്തലവനെ വിസ്തരിക്കാൻ സുപ്രീംകോടതി അല്പം വിമ്മിഷ്ടത്തോടുകൂടി അനുമതി നൽകിയിരുന്നതാണത്രെ. എന്നിട്ടും തന്റെ പ്രത്യേകാവകാശം നിരസിച്ച് സ്വയം സന്നദ്ധനായി ഗിരി സുപ്രീം കോടതിയുടെ സാക്ഷിക്കൂട്ടിൽ കയറുകയാണ് ചെയ്തത്.

പ്രത്യേകാവകാശം നൽകിയിരിക്കുന്നത് വി. വി. ഗിരിക്കല്ലാ. ഈ രാജ്യത്തിന്റെ രാഷ്ട്രത്തലവനാണ്. ആ സ്ഥാനത്തിന്റെ അന്തസ്സിനു കോട്ടം തട്ടിക്കുന്നവിധം പെരുമാറുന്നത് രാഷ്ട്രത്തെയപമാനിക്കലാണ്. ഗിരി ചെയ്തതും അതാണ്. സുപ്രീംകോടതിയുടെ നീതിപീഠത്തിലിരിക്കുന്ന അല്പന്മാർ രാഷ്ട്രപതി ഗിരിയെ അപമാനിക്കുകയും ചെയ്തു. അവരും രാഷ്ട്രപതിയുടെ സ്ഥാനമെന്തെന്നു അറിയാത്തവരായിരിക്കണം. അല്ലെങ്കിൽ നീതിപീഠത്തിന്റെയധികാരാവകാശങ്ങൾ വർദ്ധിപ്പിക്കാനുള്ള വ്യഗ്രതയിൽ എല്ലായധികാരത്തിന്റെയും ഉറവിടമായ ജനതയെ അവഹേളിക്കാൻ ഒരുമ്പെട്ടവരായിരിക്കണം.

ജനതയുടെ പ്രതിരൂപമാണ് രാഷ്ട്രപതി രാഷ്ട്രത്തിന്റെ ഭരണം മുഴുവൻ രാഷ്ട്രപതിയിൽ നിക്ഷിപ്തമാണ്. രാഷ്ട്രത്തിലെ ഒന്നാമത്തെ പൗരനുമാണ് രാഷ്ട്രപതി. ഭാരതത്തിന്റെ സർവ്വസൈന്യാധിപൻ രാഷ്ട്രപതിയാണ്. നിയമസഭകളുടേയും ലോകസഭയുടെയും നിയമങ്ങൾ രാഷ്ട്രപതിയുടെ അനുമതിയില്ലാതെ നിലവിൽ വരികയില്ല. രാഷ്ട്രപതിയത്രേ നീതിയുടേയും ഉറവിടം. ന്യായാധിപരെ നിയമിക്കുന്നത് അദ്ദേഹമാണ്. പരമോന്നത നീതിപീഠത്തിന്റെ തലവൻ അദ്ദേഹത്തിനു മുമ്പിൽ സത്യവാചകം ചെയ്യുന്നു. നീതിന്യായക്കോടതി വിധികളിലെ ശിക്ഷകൾ ഇളവു ചെയ്യാനുള്ളയധികാരവും രാഷ്ട്രപതിക്കു മാത്രമേയുള്ളൂ. രാഷ്ട്രം ആകാരം പൂണ്ടതാണ് രാഷ്ട്രപതി.

ഇതൊക്കെയാണ് നമ്മുടെ ഭരണഘടനയിലെ ധാരണകളും സങ്കല്പങ്ങളും. ഭരണഘടനയും അതിലെ നീതിന്യായ വ്യവസ്ഥകളും ഭരണരീതിയും വിശുദ്ധമാണെന്ന വിചാരം അശേഷം ഉള്ളതുകൊണ്ട് പറയുകയല്ല. അവയൊക്കെ സമൂലപരിവർത്തനം അടിയന്തിരാവശ്യമാണ്. എന്നു വെച്ച് ഇന്നു ജനങ്ങൾക്കുള്ളയവകാശങ്ങൾ ചവിട്ടിമെതിക്കാൻ അനുവദിക്കുന്നതല്ല. ജനങ്ങളുടെ അവകാശങ്ങളെയും-

അഭിമാനത്തെയും തൊട്ടുകളിക്കാൻ ആരേയും സമ്മതിക്കരുത്. ജനതയുടെ അധികാരം കവർന്നെടുക്കുന്നവരാരായാലും അവരെ നിലക്കുനിർത്തുക തന്നെ വേണം.

രാഷ്ട്രപതിയെന്ന നിലയിലല്ലാ കേവലം സാക്ഷിയായ ഗിരിയാണ് സുപ്രീം കോടതിയിൽ ഹാജരായതെന്നു വാദിക്കുന്നുണ്ട്. ഗിരി കോടതിയിൽ ഹാജരായപ്പോൾ ഭാരതത്തിനു മറെറാരു രാഷ്ട്രപതി ഉണ്ടായിരുന്നോ? എന്നാൽ രാഷ്ട്രപതി തന്നെയാണ് കോടതിയിൽ വിസ്തരിക്കപ്പെട്ടതെന്നു സുപ്രീംകോടതിയുടെ പെരുമാററം വ്യക്തമാക്കുന്നു. കസേരയിൽ ഇരുന്നുകൊണ്ട് സാക്ഷി മൊഴിനൽകാൻ ഗിരിയെ അനുവദിക്കുകയുണ്ടായി. ന്യായാധിപന്മാർ ഇരുന്നിരുന്ന പീഠത്തിനു 'ഒരിഞ്ചു' താഴെ അദ്ദേഹത്തിനു കസേര നൽകിയെന്നാണ് റിപ്പോർട്ട്. ഗിരി കോടതിയിൽ ഹാജരായപ്പോൾ ജഡ്ജിമാർ എഴുന്നേററു നിന്നില്ല. എന്നാൽ അഭിഭാഷകരെല്ലാം എഴുന്നേററു നിൽക്കുകയും ചെയ്തു. പ്രസിഡൻറ് ജഡ്ജിമാരെ അഭിവാദനം ചെയ്തു എങ്കിലും അവർ അദ്ദേഹത്തെ പ്രത്യഭിവാദനം ചെയ്തില്ല.

ഈ ചടങ്ങുകളുടെ ന്യായാന്യായത്തെയോ ആവശ്യത്തെത്തന്നേയോ ഇപ്പോൾ പരിഗണിക്കേണ്ടതില്ല. ഗിരിയുടെ പ്രത്യേക പദവി അവഗണിക്കാൻ സുപ്രീംകോടതിക്കു കൂടി സാധിക്കുമായിരുന്നില്ലെന്നു കാണാൻ പ്രയാസമില്ല. കേവലം ഒരു സാക്ഷി മാത്രമായിരുന്നു ഗിരിയെങ്കിൽ അദ്ദേഹത്തിനു കോടതിയിൽ ഇരിപ്പിടം നൽകുമായിരുന്നില്ലല്ലോ. തൻെറ സ്ഥാനവും പ്രത്യേക പദവിയും വിസ്മരിച്ചുകൊണ്ട് ഗിരി കോടതിയിൽ പോയത് കോടതിയെ സ്വാധീനിക്കാനാണെന്നു ആരെങ്കിലും ആരോപിച്ചാൽ അതിൽ കുററപ്പെടുത്താനാവില്ല. പദവിയും പരിരക്ഷകളും ഇന്നു കോടതി ജഡ്ജിമാരുടെ കുത്തകകളായിരിക്കുന്നു. മററു സ്ഥാനങ്ങളിലുള്ളവരുടെയെല്ലാം അവകാശാധികാരങ്ങളിൽ കോടതി നിസ്സങ്കോചം കൈകടത്തുന്നുണ്ട്. നിയമസഭകളുടേയും ലോകസഭയുടേയും മുഖ്യമന്ത്രിമാരുടെയും നടപടികളെന്നും അധികാര വിനിയോഗത്തേയും കോടതികൾ തടസ്സപ്പെടുത്തുകയും ചെയ്യുന്നു.

കോടതി ജഡ്ജിമാർക്ക് അധികാരാവകാശങ്ങളും പ്രത്യേക പരിരക്ഷകളും നൽകിയിരിക്കുന്ന ഭരണഘടന തന്നെ നിയമസഭകൾക്കും മുഖ്യമന്ത്രിക്കും അധികാരാവകാശങ്ങൾ നൽകിയിരിക്കുന്നുവെന്നു കാണാൻ ജഡ്ജിമാർ കൂട്ടാക്കുന്നില്ല. നിയമസഭയിലും ലോകസഭയിലും അംഗങ്ങൾ സ്വതന്ത്രമായി സംസാരിക്കുന്നത് തന്നെ തടയുന്ന വിധം കോടതികൾ നിയമസഭാംഗങ്ങൾക്കും ലോകസഭാംഗങ്ങൾക്കും സമൺസും നോട്ടീസും അയക്കുന്നു.

പുരി ശങ്കരാചാര്യരുടെ കേസിൽ ഇങ്ങനെ സുപ്രീംകോടതി ലോകസഭാംഗങ്ങളുടെ അവകാശങ്ങളിൽ കൈകടത്തിയിരിക്കയാണ്. ഭരണഘടനയുടെ 105-ാം ഖണ്ഡികയിൽ ലോകസഭയിലേയും രാജ്യസഭയിലേയും അംഗങ്ങളുടെ പ്രത്യേകാവകാശങ്ങളും പരിരക്ഷകളും വ്യവസ്ഥ ചെയ്തിട്ടുണ്ട്.

പാർലിമെൻറിൻെറ നടപടിക്രമങ്ങൾക്കും ചട്ടങ്ങൾക്കും വിധേയമായി സമ്പൂർണ്ണമായ പ്രസംഗസ്വാതന്ത്ര്യമാണ് അംഗങ്ങൾക്കുള്ളത്. പാർലിമെൻറിലോ അതിൻെറ കമ്മിററികളിലോ ചെയ്ത വോട്ടിൻേറയും പ്രസംഗിച്ചതിൻേറയും പേരിൽ 'ഒരു കോടതി നടപടിക്കും' അംഗങ്ങളെ വിധേയരാക്കരുതെന്നു അർത്ഥശങ്കക്ക് ഇടനൽകാതെ വ്യവസ്ഥ ചെയ്യപ്പെട്ടിരിക്കുന്നു. മററു കാര്യങ്ങളിൽ പാർലിമെൻറ് ഉണ്ടാക്കുന്ന നിയമങ്ങൾ അനുസരിച്ചോ, അങ്ങിനെ നിയമമുണ്ടാക്കുന്നതുവരെ ഗ്രേററ് ബ്രിട്ടണിലെ പാർലിമെൻറംഗങ്ങൾ അനുഭവിച്ചുകൊണ്ടിരിക്കുന്നതോ ആയ എല്ലാ അവകാശാധികാരങ്ങളും ഇന്ത്യയിലെ ഇരുസഭകളിലേയും അംഗങ്ങൾക്കു ഉണ്ടായിരിക്കുമെന്നാണ് ഭരണഘടനയിൽ പറയുന്നതു്. ഇതേപോലുള്ള അവകാശങ്ങളും അധികാരങ്ങളും പരിരക്ഷകളും സംസ്ഥാനനിയമസഭാംഗങ്ങൾക്കും നൽകിയിട്ടുണ്ട്.

എന്നാൽ ഭരണഘടനയിലെ ഈ വ്യവസ്ഥകൾക്കൊന്നും വിലകല്പിക്കാത്ത രീതിയിലാണ് കോടതികളുടെ പോക്കു്. ഉത്തർപ്രദേശ് നിയമസഭയും ഉത്തർപ്രദേശ് ഹൈക്കോടതിയും തമ്മിൽ ഇത് സംബന്ധിച്ച് ആദ്യത്തെ ഏററുമുട്ടൽ നടന്നതാണ്. ഉത്തർപ്രദേശിലെ ഒരു നിയമസഭാംഗത്തിനെതിരായി നിയമസഭ സ്വീകരിച്ച നടപടി താൽക്കാലികമായി തടയാൻ ഹൈക്കോടതി തയ്യാറായി. സ്പീക്കറോട് കോടതിയിൽ ഹാജരാകണമെന്നു നിർദ്ദേശിക്കുന്നതിനും ഹൈക്കോടതി മുതിർന്നു.

ഇപ്പോൾ പുരിശങ്കരാചാര്യരുടെ കേസിൽ സത്യവാങ്ങ് മൂലം ഹാജരാക്കണമെന്നും അല്ലെങ്കിൽ എക്സ്പാർട്ടി വിധിയുണ്ടാകുമെന്നും അറിയിച്ചുകൊണ്ട് സുപ്രീംകോടതി ലോകസഭാംഗങ്ങൾക്കു നോട്ടീസു കൊടുത്തിരിക്കുന്നു. അംഗങ്ങൾക്കു ആജ്ഞയൊന്നും നൽകിയിട്ടില്ലെന്നും കക്ഷികളെ വിവരമറിയിക്കുക എന്ന നടപടിക്രമം സ്വീകരിക്കുക മാത്രമാണ് ചെയ്തിരിക്കുന്നതെന്നും സുപ്രീംകോടതി വ്യാഖ്യാനിക്കുന്നുണ്ട്. ലോകസഭയിൽ ഈ പ്രശ്നം പൊന്തിവന്നപ്പോൾ ഉണ്ടായതാണ് ഈ വ്യാഖ്യാനം.

സ്പീക്കർ ധില്ലൻ ചൂണ്ടിക്കാണിച്ചതുപോലെ സുപ്രീം കോടതിയുടെ വ്യാഖ്യാനം സ്വീകാര്യമല്ല. ആജ്ഞയായാലും കൊള്ളാം അറിയിപ്പായാലും കൊള്ളാം അവകാശത്തിൽ കോടതി കൈകടത്തിയോ എന്നതാണ് പ്രശ്നം. സുപ്രീംകോടതിയുടെ കടലാസ്സ് അവഗണിക്കാൻ നിർദ്ദേശിച്ച ലോകസഭാസ്പീക്കർ അനുമോദനാർഹനാണ്. പക്ഷെ ലോകസഭയിലെ തന്നെ ചില അംഗങ്ങൾ കോടതിയിൽപ്പോയി സത്യവാങ്ങ്മൂലം ഹാജരാക്കാനും മൊഴി നൽകാനുമാണ് തയാറായത്. ഇവർ അങ്ങിനെ ചെയ്താൽ അവകാശ ലംഘനമാകുമെന്നു സ്പീക്കർക്കു താക്കീത് നൽകേണ്ടിവന്നു.

നിയമസഭാ സാമാജികർക്കും അവരുടെ തലവന്മാർക്കും ജഡ്ജിമാരുടേയും കോടതികളുടേയും മുമ്പിലുള്ള അപകർഷതാബോധം പലതവണ കാണാനിടയായിട്ടുണ്ട്. ഈ അപകർഷതാ ബോധത്തേയാണ് കോടതികൾ ധിക്കാരപൂർവ്വം മുതലെടുത്തുകൊണ്ടിരിക്കുന്നത്. ഇതിനു അറുതി വരുത്താൻ ലോകസഭാ സ്പീക്കർ ധില്ലൻ മുൻകയ്യെടുത്തു പ്രവർത്തിക്കേണ്ടതായിരുന്നു. ഭരണഘടനാ വ്യവസ്ഥകൾ കാണാൻ കൂട്ടാക്കാതെ സഭാംഗങ്ങളോട് കോടതിയിൽ ഹാജരാകണമെന്നു നിർദ്ദേശിക്കുന്ന ജഡ്ജിമാർ ഒന്നുകിൽ പാർലിമെൻറിനെ അവഹേളിക്കുകയാണ്. അല്ലെങ്കിൽ ഭരണഘടനയെക്കുറിച്ച് അറിവില്ലാത്തവരാണ്.

പാർലിമെൻറിനെ അവഹേളിക്കുകയാണ് ചെയ്തതെങ്കിൽ അതിനുള്ള ശിക്ഷ ജഡ്ജിമാർ അനുഭവിച്ചേ മതിയാകൂ. കോടതികളും പാർലിമെൻറും അതാതിൻെറ

(ശേഷം 16–ാം പേജിൽ)

# എഴുതാപ്പുറം

കോൺഗ്രസ്സിൻെറ അഡ്ഹോക്ക് കമ്മിററി പുതിയ നയപ്രഖ്യാപനം നടത്തിയിരിക്കുന്നു. 'താത്വികമായി സമാന ചിന്തയുള്ളവരെ അണിനിരത്തിക്കൊണ്ടുള്ള സോഷ്യലിസ്റ്റ് ജനമുന്നണിയാണ്' കോൺഗ്രസ്സ് വിഭാവനം ചെയ്യുന്നതെന്നു ആലുവായിൽ രണ്ടു് ദിവസം നടന്ന ആലോചനകൾക്കു ശേഷം അഡ്ഹോക്ക് കമ്മിററി പ്രഖ്യാപിച്ചിരിക്കുന്നു.

പുതിയ നയപ്രഖ്യാപനം അഡ്ഹോക്കു കമ്മിററി നടത്തിയതു് ശരിയായോ എന്നും മററു ചോദ്യം വരാം. കോൺഗ്രസ്സിൽ പുതിയ അംഗങ്ങളെച്ചേർത്തു പുതിയ കമ്മിററി രൂപവൽക്കരിക്കാനുള്ള ശ്രമങ്ങൾ നടന്നുകൊണ്ടിരിക്കയാണ്. പി. സി. സി. യിൽ ഒഴിവുള്ള സ്ഥാനങ്ങളിൽ ബ്ളോക്കു കമ്മിററികളുമായി ആലോചിച്ച് നോമിനേഷൻ നടത്തി പുതിയ പി. സി. സി. പ്രസിഡൻറിനേയും ഭാരവാഹികളേയും തെരഞ്ഞെടുക്കുമെന്നും കേട്ടിരുന്നു. അങ്ങിനെയുള്ള ഒരു സന്ദർഭത്തിൽ ദൂരവ്യാപകമായ നയപ്രഖ്യാപനം അഡ്ഹോക്ക് കമ്മിററിക്കാർ നടത്തുന്നത് കോൺഗ്രസ്സണികളുടെ അഭിപ്രായത്തെ എത്രത്തോളം പ്രതിഫലിപ്പിക്കുന്നതാണെന്നു കണ്ടുതന്നെയറിയണം. അഡ്ഹോക്ക് കമ്മിററിക്കാരാണെങ്കിൽ മുമ്പ് പി. സി. സി.യിലോ ഡി സി. സി. യിൽ പോലുമോ അംഗങ്ങളല്ലാതിരുന്നയാളുകളെവരെ ഇഷ്ടപ്പടി വിളിച്ചിരുത്തി നയരൂപീകരണം നടത്തുന്നുവെന്നു ആരോപണവുമുണ്ടു്. ഒരു പക്ഷെ സംഘടനാ തെരഞ്ഞെടുപ്പുകൾ തന്നെ ദീർഘകാലത്തേക്കു നടക്കാനിടയില്ലെന്ന ബോദ്ധ്യത്തോടെ അഡ്ഹോക്ക് കമ്മിററി പ്രവർത്തിക്കുന്നതായിരിക്കാം.

ഏതായാലും ശരി അഡ്ഹോക്ക് കമ്മിററിയുടെ പ്രമേയത്തിൽ മനപ്പൂർവ്വം ചില വസ്തുതകൾ മറച്ചുവെച്ചിരിക്കുന്നു. ജനഹിതത്തെ മാനിച്ചുകൊണ്ടു് ഒരു പ്രതിപക്ഷത്തിൻെറ ചുമതല നിർവ്വഹിക്കാനാണ് കോൺഗ്രസ്സ് തീരുമാനിച്ചതെന്നും ആ മന്ത്രിസഭ മറിച്ചിടുകയില്ലെന്നു കോൺഗ്രസ്സ് പ്രഖ്യാപിക്കുകയും ചെയ്തുവെന്നും പ്രമേയത്തിൽ പറഞ്ഞുകാണുന്നു. ഒമ്പത് എം. എൽ. എ. മാരെ വെച്ച് കൊണ്ടു് മന്ത്രിസഭ മറിച്ചിടുകയില്ലെന്ന തീരുമാനിച്ചതു് വലിയ ഔദാര്യം തന്നെ. എന്നിട്ടും കേന്ദ്രഗവർമ്മെണ്ടു് ജീവനക്കാരുടെ സമരമുണ്ടായപ്പോൾ മന്ത്രിസഭയെ രാഷ്ട്രപതിയെക്കൊണ്ടു് പിരിച്ചുവിടുവിക്കാൻ ഡൽഹിയിൽ പോയി നിവേദനം നടത്തിയവരാണ് കെ. പി. സി. സി. നേതാക്കൾ. ഒരു പക്ഷെ അന്നത്തെ തീരുമാനമെല്ലാം ഉൾക്കൊള്ളുന്ന മിനട്ട്സ് പുസ്തകം ടി.ഓ ബാവയുടെ കയ്യിലായതുകൊണ്ടു് അഡ്ഹോക്ക് കമ്മിററിക്കാർക്കു ധൈര്യപൂർവ്വം പ്രഖ്യാപനം നടത്താമായിരിക്കും.

'ഭരണഘടനയെ തകർക്കുകയും ജനാധിപത്യ വ്യവസ്ഥയെ തുരങ്കം വെക്കുകയുമാണ് മുന്നണിഭരണത്തിൻെറ ലക്ഷ്യമെന്നു തെരഞ്ഞെടുപ്പ് പ്രതിജ്ഞകൾക്കു വിപരീതമായി മാർക്സിസ്റ്റ് പാർട്ടി പ്രഖ്യാപിച്ചപ്പോൾ മാത്രമാണ് ഈ നിലപാട് കോൺഗ്രസ്സ് പുനഃപ്പരിശോധിക്കുകയും മാർക്സിസ്റ്റ് വിപത്തിനെക്കുറിച്ച് മുന്നറിയിപ്പ് നൽകുകയും ചെയ്തതെന്നു അഡ്ഹോക്ക് കമ്മിററി പറയുന്നു. അഡ്ഹോക്ക് കമ്മിററി പറയും പ്രകാരം മാർക്സിസ്റ്റ് പാർട്ടി എവിടെ എപ്പോൾ പ്രഖ്യാപിച്ചുവെന്നു അറിയുന്നില്ല. ഏതായാലും മുന്നണി ഭരണത്തിൽ പങ്കാളികളായിരുന്ന ആർക്കും തന്നെ മാർക്സിസ്റ്റ് പാർട്ടിയെപ്പററി ഇത് സംബന്ധിച്ച് ഒരു പരാതിയും ഉണ്ടായിട്ടില്ല. വൻപാർട്ടിമേധാവിത്വവും അഴിമതിയുമായിരുന്നു അവരുടെ പരാതിക്കടിസ്ഥാനം. "മാർക്സിസ്റ്റ് പാർട്ടിയെ ഭരണമണ്ഡലത്തിൽ നിന്നു ഒററപ്പെടുത്തണമെന്നു ഔദ്യോഗികമായി ആവശ്യപ്പെടുകയും അതുണ്ടാകുന്നില്ലെങ്കിൽ കോൺഗ്രസ്സിൻെറ സമീപനത്തിൽ മാററമുണ്ടാകുമെന്നു പ്രഖ്യാപിക്കുകയും ചെയ്തു' വത്രേ.

കുറുമുന്നണിക്കാർ മാർക്സിസ്റ്റുകാരെ ഒററപ്പെടുത്തിയില്ലെങ്കിൽ കോൺഗ്രസ് എന്തുചെയ്യുമായിരുന്നു എന്നാണിപ്പറയുന്നത് ഒമ്പത് എം. എൽ. എ. മാർ നിയമസഭക്കു ബോംബു വെക്കുമായിരുന്നോ? വെറുതെ പൊങ്ങച്ചം പറഞ്ഞിട്ടെന്തുകാര്യം. ഐക്യമുന്നണിയിലെ കുറുമുന്നണിക്കാർ ഇപ്പോഴും മാർക്സിസ്റ്റ് പാർട്ടിയെ ഒററപ്പെടുയോത്തിന്നറിഞ്ഞുകൂടാ. അവസാന ദിവസം വരെ മുഖ്യമന്ത്രി ഇ. എം. എസ്സ് നമ്പൂതിരിപ്പാടിൽ വിശ്വാസമുണ്ടെന്നായിരുന്നു കുറുമുന്നണിക്കാരുടെ പ്രഖ്യാപനം. അദ്ദേഹം ഭരണഘടനക്കെതിരായി പ്രസ്താവന ചെയ്തതിൻെറ പേരിൽ കുറുമുന്നണിക്കാരാരുംതന്നെ അദ്ദേഹത്തെ എതിർത്തിട്ടില്ല. വിശ്വാസരാഹിത്യം പ്രകടിപ്പിച്ചിട്ടുമില്ല. മന്ത്രി വില്ലിംഗ്ടനെക്കുറിച്ച് അന്വേഷണം നടത്തപ്പെടണമെന്നാവശ്യപ്പെടുന്ന പ്രമേയത്തിനു പിന്തുണ നൽകുകമാത്രമാണ് കുറുമുന്നണിക്കാർ ചെയ്തത് ഇ. എം. എസ്സ്. സ്വയം രാജിവെച്ചൊഴിയുകയും ചെയ്തു. അഡ്ഹോക്ക് കമ്മററിയുടെ പ്രമേയത്തിലെ അടുത്ത വാചകം കൂടുതൽ രസാവഹമാണ്.

"യഥാകാലം മാർക്സിസ്റ്റ് പാർട്ടി ഭരണത്തിൽ നിന്നു നിഷ്കാസിതമാകുകയും ഒരു പുതിയ ഭരണം നിലവിൽ വരികയും ചെയ്തതോടുകൂടി ഗവർമ്മേണ്ടിനോടുള്ള സമീപനത്തിൽ കോൺഗ്രസിൻെറ നയം പുനഃപ്പരിശോധിക്കുകയും സർക്കാരിനെ അധികാരത്തിൽ നിന്നു പുറം തള്ളുന്നതിനു പരിശ്രമിക്കുകയില്ലെന്ന നിലപാട് പ്രഖ്യാപിക്കുകയും ചെയ്തു'വെന്നു അഡ്ഹോക്ക് കമ്മിററി പറയുന്നു. അപ്പോൾ ആദ്യം പ്രതിപക്ഷത്തിൻെറ ചുമതല നിർവ്വഹിച്ചു മന്ത്രിസഭയെ മറിച്ചിടുകയില്ലെന്നു പ്രഖ്യാപനം. പിന്നെ മാർക്സിസ്റ്റ് പാർട്ടിയെ ഒററപ്പെടുത്തണമെന്ന പ്രഖ്യാപനം. അതു് കഴിഞ്ഞു് സർക്കാരിനെ പുറംതള്ളുകയില്ലെന്നു വീണ്ടും നയപ്രഖ്യാപനം. ഇതിൽ നന്നുമനസ്സിലാക്കേണ്ടത്. മാർക്സിസ്റ്റുകാരെ ഒററപ്പെടുത്തി കുറുമുന്നണിയുണ്ടാക്കാൻ കോൺഗ്രസ്സുകാർ ആവശ്യപ്പെട്ടതനുസരിച്ച് കുറുമുന്നണിയുണ്ടായിയെന്നാണോ? അതായത് ഇ. എം. എസ്സിൻെറ ഭരണത്തിനെതിരെ കോൺഗ്രസ്സുകാരും കുറുമുന്നണിക്കാരും ചേർന്നു ഗൂഢാലോചന നടത്തിയെന്നു്? ഏതായാലും കുറുമുന്നണിക്കാർ അതൊന്നും സമ്മതിക്കുന്നില്ല. ഇപ്പോഴും കോൺഗ്രസ്സിൻെറ ആവശ്യമനുസരിച്ചാണ് കുറുമുന്നണിക്കാർ മാർക്സിസ്റ്റ് പാർട്ടിയെ ഒററപ്പെടുത്തിയതെന്നു പറഞ്ഞാൽ അവർ വകവെച്ചുതരില്ല. പുതിയ കൂട്ടുകാരിൽനിന്നു ഇങ്ങനെ സഹായം കിട്ടണമെന്നു കുറുമുന്നണിക്കാർ പ്രതീക്ഷിക്കുന്നുണ്ടെന്നു തോന്നുന്നില്ല. 'യഥാകാലം' മാർക്സിസ്റ്റ് പാർട്ടി ഭരണത്തിൽ നിന്നു നിഷ്കാസിതമായത് അവർ ഭരണഘടന തകർക്കാൻ പോയതുകൊണ്ടോ മറേറാ ആണോ? അതൊക്കെ വെറുതെവന്നു സംഭവിച്ചതല്ലേ? ഇനിയും മാർക്സിസ്റ്റ് പാർട്ടിക്കാർ ഐക്യമുന്നണിയിൽ ചേർക്കാമെന്നു പറഞ്ഞാൽ കുറുമുന്നണിക്കാരിൽ എത്രപേർ അവരുടെ കൂട്ടിൽ പോകുകയില്ല!

കുറുമുന്നണി സർക്കാരിനെ പുറം തള്ളാൻ ശ്രമിക്കുകയില്ലെന്നു കോൺഗ്രസ് സ്വീകരിച്ച നിലപാട് നിരുപാധികമായിരുന്നില്ലെന്നു ഇപ്പോൾ അഡ്ഹോക്ക് കമ്മററിക്കാർ അവകാശപ്പെട്ടിരിക്കുന്നു. 'ഗവ

ർമ്മെണ്ടിന്റെ നയങ്ങളും നീക്കങ്ങളും ഘടനയും കോൺഗ്രസ്സിന്റെ തന്നെ സുവിദിതമായ അടിസ്ഥാന തത്വങ്ങൾക്ക എത്രകണ്ട് അനുരൂപമാണെന്നും' നോക്കിയായിരുന്നു കോൺഗ്രസ് ഈ നിലപാടെടുത്തതെന്നു പ്രമേയത്തിൽ പറയുന്നു. കേരളാ കോൺഗ്രസ്സിനെ മന്ത്രിസഭയിലെടുത്തതും മററും കോൺഗ്രസ്സിന്റെ നയത്തിനനുരൂപമാണെന്നായിരിക്കും അഡ്ഹോക്ക് കമ്മററി പറയുന്നത്. പഴയ ഐക്യമുന്നണിയുടെ മിനിമം പരിപാടി നടപ്പാക്കുമെന്നു അച്ചുതമേനോൻ പറയുന്നതിലും അഡ്ഹോക്ക് കമ്മററിക്ക് എതിർപ്പ് കാണുകയില്ല. കോൺഗ്രസ്സിനോടുള്ള പ്രതികരണം നോക്കുമെന്നു പറയുന്നുണ്ട്. കോൺഗ്രസ്സിന്റെ പിന്തുണയില്ലെങ്കിലും വിരോധമില്ലെന്നു കൂടെക്കൂടെ അച്ചുതമേനോൻ പ്രഖ്യാപിച്ചിട്ടും കോൺഗ്രസ്സിനെ തൊട്ടുകൂടെന്നു ആർ. എസ്. പി. തീരുമാനിച്ചിട്ടും അച്ചുതമേനോൻ മന്ത്രിസഭക്ക പിന്തുണ നൽകാൻ ഓടിച്ചെന്നതു് നിരുപാധികമല്ലെങ്കിൽ പിന്നെ ഭാവിയിൽ വല്ല ആനുകൂല്യങ്ങളും ചെയ്തു കൊടുക്കാമെന്നു നേരത്തെ വാഗ്ദാനം നൽകിക്കാണണം. കരുണാകരനെ മന്ത്രിസഭയിലെടുക്കാൻ പോകുകയാണോ? കോൺഗ്രസിനോട് മന്ത്രിസഭക്കുള്ള പ്രതികരണം നോക്കും എന്നൊക്കെ പറയുന്നതിന്റെയർത്ഥം ഞങ്ങളെ കൂടി മന്ത്രിസഭയിലെടുക്കണമെന്നു അപേക്ഷിക്കലല്ലേ എന്നു സംശയിക്കണം. കാരണം ആറുമാസത്തെ ഭരണം പരിശോധിച്ചിട്ട് ഗവർമ്മെണ്ടിനെ പുറത്താക്കണമെന്നു കമ്മിററിക്ക തോന്നുന്നില്ലെന്നു സോപാധിക പിന്തുണക്കാരായ അഡ്ഹോക്കുകാർ പറയുന്നുണ്ട്.

നിയമസഭയിൽ ഗവർമ്മെണ്ടിനു അനുകൂലമായി കോൺഗ്രസ്സ് അതിന്റെ വോട്ടുകൾ വിനിയോഗിക്കുന്നുവെന്ന കാരണത്താൽ ഭരണപരമായ അപഭ്രംശങ്ങൾ തുറന്നുകാട്ടുവാനും അതിനെതിരായിജനങ്ങളുടെ അണി കെട്ടിപ്പടുക്കുവാനുമുള്ള ബാദ്ധ്യത ജനധിപത്യ പ്രതിപക്ഷം എന്ന നിലയിൽ കോൺഗ്രസ്സ് കയ്യൊഴിഞ്ഞിട്ടില്ലെന്നു അഡ്ഹോക്ക് കമ്മിററിയുടെ പ്രമേയത്തിൽ ഉറപ്പു നൽകിയിരിക്കുന്നു. ജനാധിപത്യ പ്രതിപക്ഷം എന്ന നിലക്കുള്ള ചുമതല കയ്യൊഴിഞ്ഞു് കുറുമുന്നണിയുടെ വാലായിരിക്കയാണ് കോൺഗ്രസ്സ് എന്ന ആക്ഷേപം ശക്തിയായി ഉണ്ടായതുകൊണ്ടായിരിക്കണം ഈ ഉറപ്പു നൽകൽ. അതല്ലെങ്കിൽ പിന്നെ നിലമ്പൂർ കാര്യവും മാടായി കാര്യവും തീരുമാനിക്കും മുമ്പേ തന്നെ വലിഞ്ഞുകയറി കൊട്ടാരക്കരയിൽ അച്ചുതമേനോനു പിന്തുണ പ്രഖ്യാപിക്കുമായിരുന്നില്ലല്ലോ. എന്നിട്ടും നിലമ്പൂരിൽ കോൺഗ്രസ്സ് സ്ഥാനാർത്ഥിയെ സ്വതന്ത്രനാണെന്നു സമ്മതിച്ചു കൊടുക്കാൻ അഡ്ഹോക്കുകാർ നിർബന്ധിതരായി. മാത്രമല്ല മാടായിയിൽ വലത് കമ്മ്യൂണിസ്റ്റ്കാരനായ സ്വതന്ത്രനു പിന്തുണ നൽകാൻ അഡ്ഹോക്ക് കമ്മിററി തീരുമാനിക്കുകയും ചെയ്തിട്ടുണ്ട്.

അതല്ലെങ്കിൽ പിന്നെ മാടായിയിൽ സ്ഥാനാർത്ഥിയെ നിറുത്തി മത്സരിക്കുമെന്നു എന്തുകൊണ്ട് അഡ്ഹോക്ക് കമ്മിററി പ്രഖ്യാപിച്ചില്ല. നിരുപാധിക പിന്തുണയാണ് കുറുമുന്നണി സർക്കാരിനു നൽകുന്നതെങ്കിൽ പിന്നെ മാർക്സിസ്റ്റ് പാർട്ടി കഴിഞ്ഞാൽ മാടായിൽ ഏററവും വലിയ ശക്തിയായ കോൺഗ്രസ്സ് സ്വന്തം സ്ഥാനാർത്ഥിയെ നിറുത്തി മത്സരിക്കേണ്ടതല്ലേ? വലത്കമ്യൂണിസ്റ്റ്കാർക്ക നാലാം സ്ഥാനം പോലുമില്ലാത്ത നിയോജകമണ്ഡലങ്ങൾ ഒഴിഞ്ഞു കൊടുത്തു് പിന്തുണ പ്രഖ്യാപിക്കുക, സ്ഥാനാർത്ഥിയെ നിർത്താതിരിക്കുക, നിർത്തുന്നിടത്ത് തന്നെ സ്വതന്ത്രസ്ഥാനാർത്ഥിയെ നിറുത്തുക തുടങ്ങിയ നിരുപാധിക സേവനം കോൺഗ്രസ്സുകാർ കുറുമുന്നണിക്ക ചെയ്തു കൊടുക്കുന്നുണ്ട്. മാടായിയിൽ നിന്നു മനസ്സിലാക്കേണ്ടതു് കോൺഗ്രസ്സുകാർ കുറുമുന്നണിയിൽച്ചേർന്നു കഴിഞ്ഞുവെന്നു തന്നെയാണ്. അതുകൊണ്ട് ഇത്രയേറെ നിഷ്ക്കാമസേവനം കോൺഗ്രസ്സുകാരിൽ നിന്നു ലഭിക്കാനിടയായ വലത്കമ്യൂണിസ്റ്റ്കാരേയും മുസ്ലീംലീഗിനേയും കേരളാ കോൺഗ്രസ്സിനേയും അനുമോദിക്കണം.

കോൺഗ്രസ്സിനു കുറുമുന്നണിയിലെ മററാരേയുംകാൾ കൂടുതൽ വോട്ടു ലഭിക്കുന്ന സ്ഥാനത്തും കുറുമുന്നണിക്കാരെ സ്ഥാനാർത്ഥിയായി നിറുത്താൻ കോൺഗ്രസ്സ് നേതാക്കളെ നിർബ്ബന്ധിച്ച് വിജയിച്ച കുറുമുന്നണിയെ അഭിനന്ദിക്കേണ്ടതല്ലേ? ഈ നിലയിൽ കുറുമുന്നണിയെ സേവിച്ച് 1972 ൽ കോൺഗ്രസ്സിനു എത്ര സീററാണു കിട്ടുക? മാടായി വരെ വലത്കമ്യൂണിസ്റ്റ്കാർ തട്ടിച്ചെടുത്താൽ പിന്നെ അധികമൊന്നും ബാക്കി കാണുമെന്നു തോന്നുന്നില്ല. "കാലഘട്ടത്തിന്റെ ചരിത്രപരമായ ആവശ്യം" കരുതിയാണ് അഡ്ഹോക്ക കമ്മിററിയുടെ നിലപാടത്രെ. "സോഷ്യലിസ്റ്റ് ജനമുന്നണിക്ക സഹായകമായ നിലപാട് എടുക്കുന്ന രാഷ്ട്രീയ പാർട്ടികളുടെ സഹകരണം നേടാൻ,' തീരുമാനിച്ചിട്ടുണ്ട്. "ജനാധിപത്യം സോഷ്യലിസം; മതേതരത്വം എന്നിങ്ങനെ കോൺഗ്രസ്സിന്റെ അടിസ്ഥാനപ്രമാണങ്ങളിൽ വിശ്വസിക്കുന്ന സമാനചിന്താഗതിക്കാരെ അണിനിരത്തുന്ന സോഷ്യലിസ്ററ് ജനമുന്നണിയാണത്രെ കോൺഗ്രസ്സ് വിഭാവനം ചെയ്യുന്നത്.

ജനാധിപത്യത്തിലും സോഷ്യലിസത്തിലും മതേതര തത്വത്തിലും വിശ്വസിക്കുന്നുവെന്നു പറയാത്ത ഒരു പാർട്ടിയെപ്പററി അഡ്ഹോക്ക് കമ്മിററിക്കാർ പറഞ്ഞുതന്നാൽ കൊള്ളാമായിരുന്നു. ഇനി അഡ്ഹോക്ക് കമ്മിററിക്കാർ പറയുന്നതു് മാർക്സിസ്റ്റ്പാർട്ടിക്ക ജനാധിപത്യ വിശ്വാസമില്ലെന്നാണെങ്കിൽ, കുറുമുന്നണിക്കാർ അതു് സമ്മതിച്ചു തരുമെന്നു തോന്നുന്നില്ല-കേരളത്തിലൊഴികെ എല്ലായിടത്തും മാർക്സിസ്ററുകാരുമായി ഐക്യ മുന്നണിയുണ്ടാക്കാൻഅവർ തയ്യാറെടുത്തു നില്ക്കുകയാണ്.

വലതു് കമ്യൂണിസ്ററുകാർക്കും ജനാധിപത്യമില്ലെന്നു ചില അഡ്ഹോക്ക്നേതാക്കൾ പറഞ്ഞുകേട്ടിട്ടുണ്ട്. ഇടതു് കമ്യൂണിസ്ററുകാർ പത്തി വിടുത്തിയ സർപ്പമാണെങ്കിൽ വലത്കാർ പത്തിയൊതുക്കിയ സർപ്പമാണെന്നാണു പനമ്പിള്ളി പറഞ്ഞിട്ടുള്ളതു്. ഇടതും വലതും ഒരേപോലെ ശത്രുക്കളാണെന്ന സ്ററീഫൻ അടുത്ത ദിവസം വരെ പ്രസംഗിച്ചു നടക്കുകയും ചെയ്തു. ഇപ്പോൾ വലതുകാർ ജനാധിപത്യ വിശ്വാസികളായിയെന്നു അഡ്ഹോക്ക് കാർകരുതുന്നുണ്ടോയെന്നു വ്യക്തമാക്കേണ്ടതായിരുന്നു. അതേപോലെ തന്നെയാണ് മുസ്ലീം ലീഗിന്റെ കാര്യവും. സ്ലീം ലീഗും കോൺഗ്രസ്സിന്റെ സോഷ്യലിസ്ററ് മതേതര ജനമുന്നണിയിൽപ്പെടുമെന്നാണല്ലോ കുറുമുന്നണിയോട് അനുവർത്തിക്കുന്ന നയത്തിൽനിന്നു മനസ്സിലാക്കേണ്ടതു്? മുസ്ലീം ലീഗ് മതേതരതത്വത്തിൽ വിശ്വസിക്കുന്നപാർട്ടിയാണെങ്കിൽ പിന്നെ മതേതരത്വത്തിൽ വിശ്വസിക്കാത്ത പാർട്ടി എന്തെങ്കിലും ബാക്കിയുണ്ടോ? കേരള കോൺഗ്രസ്സ് പിന്നെ അഡ്ഹോക്ക്കാരെ സംബന്ധിച്ചിടത്തോളം നേരത്തെ തന്നെ സോഷ്യലിസ്ററ് പാർട്ടിയുമാണ്.

അധികം വിസ്തരിക്കാതെ തന്നെ പറയാം. വലതു കമ്യൂണിസ്റ്റ്കാരും മുസ്ലീം ലീഗും മാതൃഭൂമിയും മനോരമയും പറയുന്നതു് എന്തോ അതാണ് അഡ്ഹോക്ക് ക

(ശേഷം 14ാം പേജിൽ)

**കാഴ്ചപ്പാടുകൾ**

# ലെനിൻ ശതാബ്ദി ചിന്തകൾ

**രാജൻ**

ലോകമെങ്ങും ലെനിൻ ശതാബ്ദിയാഘോഷിക്കുകയാണ്. വിപ്ലവകാരികളും വിപ്ലവ ശത്രുക്കളും ആഘോഷങ്ങളിൽ പങ്കുചേരുന്നു. ലെനിന്റെ സിദ്ധാന്തങ്ങളിൽ കലർപ്പു ചേർക്കുന്നുവെന്നു ആക്ഷേപമുണ്ടാകുന്നുണ്ടു്. ലെനിന്റെ സിദ്ധാന്തങ്ങൾക്കു കടകവിരുദ്ധമായി പെരുമാറുന്നവർ ലെനിൻ ശതാബ്ദി ആഘോഷിക്കുമ്പോൾ അങ്ങിനെ സംശയമുണ്ടാകുക സ്വാഭാവികമാണ്. എന്നാൽ കമ്യൂണിസ്റ്റ് പാർട്ടികൾ തന്നെ ലെനിൻ ശതാബ്ദികൾ പ്രത്യേകം പ്രത്യേകം ആഘോഷിക്കുന്നതായിട്ടാണ് കാണുന്നത്. കേരളത്തിൽ മാർക്സിസ്റ്റ് കമ്യൂണിസ്റ്റ് പാർട്ടിയും വലതു്കമ്യൂണിസ്റ്റ് പാർട്ടിയും പ്രത്യേകം യോഗങ്ങൾ നടത്തി ലെനിൻ ശതാബ്ദിയഘോഷിക്കുകയുണ്ടായി.

എന്താണിങ്ങനെ സംഭവിക്കാൻ കാരണം. മതങ്ങളുടെ സ്വഭാവമാണ് ഈ വ്യത്യസ്തയാഘോഷങ്ങൾക്കു പിന്നിലുള്ളത്. പ്രവാചകന്റെ അരുളപ്പാടുകളെ വ്യത്യസ്തമായി വ്യാഖ്യാനിക്കുന്നതു വഴി അവാന്തര വിഭാഗങ്ങൾ മതങ്ങളിൽ ആവിർഭവിക്കാറുണ്ടല്ലോ. ഇതേപോലെ തന്നെ വേദപുസ്തകങ്ങളുടെ വിഭിന്ന വ്യാഖ്യാനങ്ങളും മതവിഭാഗങ്ങളെ സൃഷ്ടിക്കുന്നു. ഏതാണ്ടു് ഇതു് തന്നെയാണ് പ്രത്യേകം പ്രത്യേകം നടത്തുന്ന ലെനിൻ ശതാബ്ദിയാഘോഷങ്ങളിൽ കാണുന്നത്. ആരാണ് ലെനിന്റെ തത്വങ്ങളെ കൃത്യമായി അനുസരിക്കുന്നത് എന്നാണ് അടിസ്ഥാന തർക്കം. ഓരോരുത്തരും അവകാശപ്പെടുന്നതും തങ്ങൾ ലെനിന്റെ സിദ്ധാന്തങ്ങളെ കൃത്യമായി അനുസരിക്കുന്നുവെന്നാണ്.

ഈ തർക്കങ്ങളിൽ നിന്നു വ്യക്തമാകുന്ന ഒരേ ഒരു സംഗതി സാമൂഹ്യ സിദ്ധാന്തങ്ങൾ നീക്കുപോക്കില്ലാത്തവയാകുകയില്ലെന്നാണ്. മേൽപ്പോട്ടെറിഞ്ഞ കല്ലു് കീഴ്പ്പോട്ടു് വീഴുമെന്ന ഭൌതിക സിദ്ധാന്തം റഷ്യയിലായാലും അമേരിക്കയിലായാലും ഇന്ത്യയിലായാലും നീക്കുപോക്കില്ലാത്ത സത്യമായിരിക്കും. ന്യൂട്ടണിന്റെ ആകർഷണ തത്വങ്ങളും അതിന്റെ മേഖലയിൽ നീക്കുപോക്കില്ലാത്തവ തന്നെ. പക്ഷെ ചരിത്ര പ്രക്രിയകളുടേയും സാമൂഹ്യ പുരോഗതിയുടേയും സിദ്ധാന്തങ്ങൾ അങ്ങിനെയാകുക വയ്യ. അതിനു സമ്പൂർണ്ണമായും പ്രവചിക്കാവുന്ന ഒരു സമയ പരിധിയോ ഗതിയോ ഇല്ലതന്നെ.

മാർക്സിസത്തിന്റേയും ലെനിനിസത്തിന്റേയും ഉദാഹരണങ്ങൾ തന്നെ ഇതു് തെളിക്കയിനുണ്ടു്. മാർക്സ് വിഭാവനം ചെയ്തതനുസരിച്ചു് വ്യാവസായിക വിപ്ലവം നടന്ന ഗ്രേറ്റ് ബ്രിട്ടണിലായിരുന്നു ആദ്യം തൊഴിലാളികളുടെ സോഷ്യലിസ്റ്റു വിപ്ലവം നടക്കേണ്ടിയിരുന്നതു്. പക്ഷെ അതുണ്ടായില്ല. പശ്ചിമ യൂറോപ്പിൽ പലയിടത്തും മാർക്സിസത്തിൽ നിന്നു പ്രചോദനം കൊണ്ട സോഷ്യലിസ്റ്റു് പാർട്ടികളുണ്ടായിരുന്നുവെങ്കിലും അവിടങ്ങളിലും വിപ്ലവങ്ങളുണ്ടായില്ല. എന്നാൽ റഷ്യയിൽ സാറിസ്റ്റു് ഭരണകൂടത്തിനെതിരായി ലെനിന്റെ നേതൃത്വത്തിൽ വിപ്ലവം നടക്കുകയും തൊഴിലാളി വർഗ സർവ്വാധിപത്യം സ്ഥാപിതമാകുകയും ചെയ്തു.

ഈ വിജയമാണ് മാർക്സിസത്തിന്റെ ശരിയായ വ്യാഖ്യാതാവെന്ന കീർത്തി ലെനിനു നേടിക്കൊടുത്തതു്. ദീർഘമായ അഭ്യന്തര സമരങ്ങളേയും സാമ്രാജ്യത്വ ശക്തികളുടെ ബാഹ്യമായ എതിർപ്പിനേയും നേരിട്ടു് കൊണ്ടു് സോവിയറ്റ് രാഷ്ട്രം സ്ഥാപിക്കാൻ ലെനിനും കഴിഞ്ഞിരുന്നില്ലെങ്കിൽ ലെനിനിസം എന്ന പേർ ഇന്നത്തെപ്പോലെ ഒരു സിദ്ധാന്തത്തിന്റെ പേരാകുമായിരുന്നില്ല. മാർക്സിസത്തിന്റെയടിസ്ഥാന സാമ്പത്തിക തത്വങ്ങൾ നിലവിൽ കൊണ്ടുവന്ന ഒരു രാഷ്ട്രം സ്ഥാപിച്ചതോടുകൂടി ലെനിനിസവും സ്ഥാപിതമായി.

## മതസ്വഭാവം

എല്ലാ കമ്യൂണിസ്റ്റ്കാരും പറയുന്നത് മാർക്സിസത്തെ ലെനിൻ വികസിപ്പിച്ചുവെന്നാണ്. മാർക്സിസത്തെ ലെനിൻ പരിഷ്കരിച്ചുവെന്നോ തിരുത്തിയെന്നോ അതിനോടു സ്വന്തം സിദ്ധാന്തങ്ങൾ കൂട്ടിച്ചേർത്തുവെന്നോ കമ്മ്യൂണിസ്റ്റ്കാർ പറയുകയില്ല. കാരണം അവരുടെ ദൃഷ്ടിയിൽ അത് മഹാപാതകമാണ്. മാർക്സിസം ശാസ്ത്രീയ സത്യംപോലെ ആകയാൽ അതിനു വികാസമല്ലാതെ വ്യതിയാനം സംഭവിക്കുകയില്ലെന്നു അവർ വിശ്വസിക്കുന്നു. പക്ഷെ സാമൂഹ്യ സിദ്ധാന്തങ്ങളെല്ലാം തന്നെ ഭൂമിശാസ്ത്രപരവും ചരിത്രപരവുമായ പരിതസ്ഥിതികളേയും ആ പരിതസ്ഥിതികളിൽ പ്രവർത്തിക്കുന്ന പ്രസ്ഥാനങ്ങളേയും മാത്രമല്ലാ ഗണ്യമായ അളവിൽ അവയുടെ നേതാക്കളേയും കൂടി ആശ്രയിച്ചു പ്രാവർത്തികമാക്കേണ്ടതാണ് എന്നത് അനിഷേധ്യമായ സത്യമാണ്.

മാർക്സിസം ചരിത്രത്തെ പ്രത്യേക രീതിയിൽ വ്യാഖ്യാനിക്കുകയും സാമൂഹ്യഘടനയെ അപഗ്രഥിക്കുകയും ചെയ്തു. ചൂഷണരഹിതവും വർഗരഹിതവുമായ ഒരു സമുദായത്തിന്റെ സങ്കൽപം അത് നൽകി. ലെനിൻ ഈ സിദ്ധാന്തങ്ങളെ കഴിയാവുന്നത്ര പ്രാവർത്തികമാക്കുന്നതിനുള്ള തന്ത്രങ്ങൾ ആവിഷ്ക്കരിക്കുകയും വിപ്ലവം നടപ്പാക്കുകയും ചെയ്തു. മാർക്സിസത്തിനു ശാസ്ത്രസിദ്ധാന്തങ്ങളുടെ സ്വഭാവമാണുള്ളതെങ്കിൽ ലെനിനിസത്തിനു സാങ്കേതിക വിദ്യയുടെ സ്വഭാവമാണുള്ളത്. ശാസ്ത്രീയ സത്യങ്ങൾ നീക്കുപോക്കില്ലാത്തവയാണെങ്കിലും, സാങ്കേതിക വിദ്യകൾ വിഭവശേഷിയേയും ആവശ്യത്തേയും കാലത്തേയും പരിതസ്ഥിതികളേയും ആശ്രയിച്ചിരിക്കുന്നതാണ്. ലെനിൻ സോവിയറ്റ് റഷ്യയിൽ നിലവിലുണ്ടായിരുന്ന സാഹചര്യങ്ങൾക്കനുസൃതമായി വിപ്ലവ സിദ്ധാന്തങ്ങൾ ആവിഷ്ക്കരിക്കയും പ്രാവർത്തികമാക്കുകയുമാണു ചെയ്തതു്. അങ്ങിനെ പറഞ്ഞാൽ യാഥാസ്ഥിതിക മാർക്സിസ്റ്റുകൾക്കു കലികയറും. ലെനിന്റെ തത്വങ്ങൾ സർവ്വദേശീയാടിസ്ഥാനത്തിൽ പ്രയോഗിക്കേണ്ടവയാണെന്നും തിരുത്തൽ വാദികളും പരിഷ്ക്കരണവാദികളും ദുർവ്യാഖ്യാനം ചെയ്യുകയാണെന്നും ആക്ഷേപമുണ്ടാകും.

എന്നാൽ ചരിത്രയാഥാർത്ഥ്യമെന്താണ്. മാർക്സിസം സ്വയം സമ്പൂർണ്ണമായിരുന്നെങ്കിൽ ലെനിനിസത്തിന്റെ ആവശ്യമുണ്ടാകുമായിരുന്നില്ലല്ലോ. അതും കഴിഞ്ഞു് സാർവ്വദേശീയ കമ്യൂണിസ്റ്റു് പ്രസ്ഥാനം സ്റ്റാലിനിസത്തെക്കുറിച്ചു് സംസാരിച്ചു തുടങ്ങി. ഇപ്പോൾ സാർവ്വദേശീയ കമ്യൂണിസ്റ്റ് പ്രസ്ഥാനം എന്നൊന്നുണ്ടോ എന്നുതന്നെ തീർച്ചയില്ലാത്ത സ്ഥിതിയിലാണ്. മാത്രമല്ലാ മാർക്സിന്റേയും ലെനിന്റേയും പിൻഗാമിയും നിലവിലുള്ള പരിതസ്ഥിതികളിൽ യഥാർത്ഥ വ്യാഖ്യാതാവും മാവോസേതുങ്ങാണെന്നും ഒരു കൂട്ടർ വ്യാഖ്യാനിക്കുന്നു. ഇതിൽ നിന്നെല്ലാം വ്യത്യസ്തമായി ക്യൂബയിൽ കാസ്ട്രോവിന്റേയും റെജിസ് ഡെബ്രയുടേയും ചെഗുവെറേയുടേയും അല്പസ്വല്പം വ്യത്യാസങ്ങളുള്ള

വ്യാഖ്യാനങ്ങളും അടവുകളും കാണാം. ചുരുക്കത്തിൽ മാർക്സിസത്തിൽ ഊന്നിക്കൊണ്ടുള്ള വിപ്ലവം വിജയിച്ചേടത്തെല്ലാം അതാതിടങ്ങളിലെ നേതാവിന്റെ പേരിൽ പുതിയ ഇസങ്ങളും ആവിർഭവിക്കുന്നുണ്ട്. ലെനിനിസത്തെ എല്ലാവരും അംഗീകരിക്കുന്നുവെങ്കിൽ അതിന്റെ കാരണം ആദ്യത്തെ വിപ്ലവത്തിന്റെ നേതാവായിരുന്നു ലെനിൻ എന്നതു മാത്രമാണ്.

അപ്പോൾ പ്രത്യേകം പ്രത്യേകം 'ഇസ'ങ്ങൾ ആവിർഭവിക്കുകയും എല്ലാവരും മാർക്സിസത്തിന്റേയും ലെനിനിസത്തിന്റേയും വ്യാഖ്യാതാക്കളും പിൻഗാമികളും ആകുകയും ചെയ്യുന്നുണ്ടെങ്കിൽ അതിന്റെയർത്ഥം മാർക്സിസമോ, ലെനിനിസമോ മററു സാമൂഹ്യ സിദ്ധാന്തങ്ങളെപ്പോലെ തന്നെ സ്വയം സമ്പൂർണ്ണമല്ലെന്നതാണ്. പുതിയ നേതാവും അദ്ദേഹത്തിന്റെ പേരിലുള്ള നാമവും അതിനനുസൃതമായി കമ്യൂണിസ്റ്റ് പാർട്ടികളും കൂടുതൽ കൂടുതൽ ഉണ്ടാകുന്നതിന്റെ കാരണം ലക്ഷ്യബോധമില്ലാത്ത സ്വയം സമ്പൂർണ്ണതാവാദംകൊണ്ടാണ്. ഇന്ത്യയിൽ തന്നെ കമ്യൂണിസ്റ്റ് പാർട്ടി, കമ്യൂണിസ്ററ് പാർട്ടി (മാർക്സിസ്ററ്), കമ്യൂണിസ്ററ് പാർട്ടി (മാർക്സിസ്ററ് ലെനിനിസ്ററ്) എന്നിങ്ങനെ പാർട്ടികൾ പെരുകുകയാണ്. ഇനി ബ്രാക്കററുകൾക്കുള്ളിൽ മാവോയിസ്ററ് കാസ്റ്റ്രോയിസ്ററ്, ഹോചിമിനിസ്ററ് എന്നിങ്ങനെ പുതിയ പേരുകൾ പ്രത്യക്ഷപ്പെടാനിടയാകുമെന്നു തീർച്ച.

## ലക്ഷ്യബോധം

കമ്യൂണിസ്ററ് പാർട്ടികൾ ഇങ്ങനെ മതങ്ങളെപ്പോലെ പുതിയ പുതിയ പ്രവാചകരേയും അവാന്തരവിഭാഗങ്ങളേയും സൃഷ്ടിക്കുന്നതു കൊണ്ട് വിപ്ലവത്തിനു എന്തെങ്കിലും നേട്ടമുണ്ടാകുന്നുണ്ടോ എന്നാണു പരിശോധിക്കേണ്ടത്. അവിടെയാണ് ലെനിന്റെ ജീവിതം മാതൃകയാകേണ്ടത്. ലെനിൻ സർവ്വോപരി ലക്ഷ്യബോധമുള്ള നേതാവായിരുന്നു. തൊഴിലാളിവർഗ്ഗത്തിന്റെ സർവ്വാധിപത്യത്തിലൂടെ സോഷ്യലിസം നിലവിൽ വരുത്തേണ്ടതിനെക്കുറിച്ച് അദ്ദേഹത്തിനു വ്യക്തമായ ലക്ഷ്യബോധമുണ്ടായിരുന്നു. വിപ്ലവം നടക്കുമ്പോൾ തന്നെ ലെനിൻ അധികാരത്തിൽ വന്നശേഷം സ്വീകരിക്കേണ്ടുന്ന നടപടികളെക്കുറിച്ച് ലഘുലേഖകളിറക്കി. അദ്ദേഹത്തിന്റെ സുപ്രസിദ്ധമായ ഏപ്രിൽ തീസിസ്സുകൾ തൊഴിലാളികൾക്കും കർഷകർക്കും വിപ്ലവത്തിന്റെ നേട്ടങ്ങൾ വരച്ചുകാണിച്ചു കൊടുക്കുന്നവയായിരുന്നു. അധികാരം അദ്ദേഹത്തിന്റെ ലക്ഷ്യമായിരുന്നില്ല. സോഷ്യലിസത്തിലേക്കുള്ള മാർഗ്ഗമായിരുന്നു.

അടിപതറാത്ത ലക്ഷ്യബോധത്തിന്റെ പ്രാധാന്യം ലെനിൻ തന്നെ അദ്ദേഹത്തിന്റെ പ്രസിദ്ധമായ 'എന്തുചെയ്യണം' എന്ന പുസ്തകത്തിൽ ചൂണ്ടിക്കാണിച്ചിട്ടുണ്ട്. അടിമുടി ബുദ്ധിജീവിയും ആസകലം കർമ്മനിരതനുമായിരുന്ന ലെനിന്റെ 'മലകയററ'ത്തോടുള്ള ഉപമ ഏററവും പ്രസിദ്ധമാണ്. കൈകളോടു കൈകൾ കോർത്ത് പരസ്പരം മുറുകെപ്പിടിച്ച്, കിഴുക്കാൻതൂക്കായ കൊടുമുടികളിലൂടെ വിഷമകരമായ പാതയിൽ മുന്നേറുന്ന സമര സേനയാണ് നാം '' എന്നു പ്രഖ്യാപിച്ചുകൊണ്ട് ലെനിൻ പറഞ്ഞു. കൊടുമുടിയിൽ നോക്കിക്കൊണ്ട് മുന്നിലെ മലകയററക്കാരൻ മററാരേയും കാൾ മുന്നിലെത്തുകയും പോകുന്ന വഴിയുടെ മുമ്പോട്ടു പോകാൻ പററില്ലെന്നും മനസ്സിലാക്കുകയും ചെയ്യുന്നു. അയാൾ പിന്തിരിഞ്ഞും താഴോട്ടിറങ്ങി മറെറാരു മാർഗ്ഗം കണ്ടെത്തണം. ലോകത്തിൽ മറെറാരാളും എത്തിയിട്ടില്ലാത്ത ആ ഉയരത്തിൽ നിന്നു താഴോട്ടിറങ്ങുന്നത് കൂടുതൽ ഉയരത്തിലേക്കു കയറുന്നതിലും അപകടകരമായിരിക്കാം. തെററായ ഒരു ചുവട് വെക്കുന്നത് കൂടുതൽ എളുപ്പമാണ്. ചവിട്ടടി സ്ഥലം കാണാൻ കൂടുതൽ വിഷമമുണ്ട്. നേരെ ലക്ഷ്യത്തിലേക്കു മുന്നേറുന്നതിന്റെ ആ പ്രത്യേക രസം ഉണ്ടാകുകയുമില്ല. ദുർഘടഘട്ടങ്ങളെ നേരിടുമ്പോഴും ലക്ഷ്യത്തിലേക്കുള്ള നോട്ടം വിട്ടുപോകാതിരിക്കാൻ ലെനിൻ ശ്രദ്ധാലുവായിരുന്നു. ഇടക്കുവെച്ചുള്ള അർദ്ധ നേട്ടങ്ങൾ അദ്ദേഹത്തെ വ്യതിചലിപ്പിച്ചില്ല. ഇതാണ് യഥാർത്ഥത്തിൽ വിപ്ലവകാരിയുടെ ലക്ഷണം.

## എന്തിനാണ് അധികാരം

നമ്മുടെ നാട്ടിൽ ലെനിന്റെ അനുയായികൾക്കു മനസ്സിലാകാത്തതും ഇതാണ് അവർ ലെനിന്റേയും മാർക്സിന്റേയും വരികൾക്കു വ്യാഖ്യാനം ചമച്ചുകൊണ്ടിരിക്കയാണ്. അതുകൊണ്ടാണ് സംസ്ഥാനങ്ങളിൽ കൈവരുന്ന അധികാരം കൊണ്ട് എന്തുചെയ്യണമെന്നു അവർക്കു അറിയാതെ പോകുന്നത്. ഐക്യമുന്നണികളുണ്ടാക്കി സംസ്ഥാനങ്ങളിൽ അധികാരത്തിൽ വരുമ്പോൾ പ്രതിലോമകാരികൾ കൂടുതൽ ശക്തിപ്രാപിക്കാനും വഞ്ചിക്കാനും ഇടയാക്കുന്നതു്. അൽപ്പമായ അധികാരവും ജീവിതസുഖങ്ങളും തന്നെ ലക്ഷ്യമായിത്തീരുന്നതു്. തെരഞ്ഞെടുപ്പുകളും അതിന്റെ വിജയം നേടാനുള്ള കൂട്ടുകെട്ടുകളും മാത്രം ഏററവും വലിയ വിപ്ലവകരമായ അടവുകളായിത്തീരുന്നതു്. തൊഴിലാളി വർഗം തന്നെ പരസ്പരം കഴുത്തറുക്കാനിടയാകുന്നത്.

ലെനിനിൽ നിന്നു പ്രചോദനം കൊള്ളുന്നുവെന്നവകാശപ്പെടുന്നവർ ചൂഷണരഹിതമായ സമുദായമെന്ന ലക്ഷ്യത്തെ ഒരിക്കലും മറക്കാവതല്ല. ആ ലക്ഷ്യത്തിലെത്താനുള്ള മാർഗം എന്തുമായിക്കൊള്ളട്ടെ. യുക്തിപൂർവ്വമായ വിലയിരുത്തലുകൾകൊണ്ട് തീരുമാനിക്കേണ്ടവയാണ് മാർഗങ്ങൾ. സാഹചര്യങ്ങളാണ് അവ നിർദ്ദേശിക്കേണ്ടത്. തുറന്ന വിമർശനങ്ങളിലൂടെ തെററും ശരിയും ഏതെന്നു വ്യക്തമായിക്കൊള്ളും. വിട്ടുവീഴ്ചയില്ലാത്ത ലക്ഷ്യബോധം ഉണ്ടാകാതെ തരവുമില്ല.

ലക്ഷ്യബോധത്തിന്റെ അഭാവം തന്നെയല്ലേ തിരുത്തൽ വാദത്തിന്റെ ഉത്ഭവത്തിനു കാരണം? ലെനിൻ ശാസ്ത്രീയ സോഷ്യലിസത്തിനു അടിത്തറയിട്ടുവെന്നും ലെനിന്റെ സിദ്ധാന്തങ്ങൾ ഇളക്കം തട്ടാത്തവയാണെന്നും അവകാശപ്പെടുന്നവർ ഉത്തരം പറയേണ്ടയൊരു ചോദ്യമുണ്ട്. അങ്ങിനെയാണെങ്കിൽ ലെനിന്റെ

(ശേഷം 14-ാം പേജിൽ)

### ലേഖകന്മാരുടെ ശ്രദ്ധയ്ക്ക്

'നിർണ്ണയം' വാരികയിൽ പ്രസിദ്ധീകരിക്കാനുള്ള ലേഖനങ്ങൾ പത്രാധിപർ 'നിർണ്ണയം' കോൺവെന്റ് റോഡ്, എറണാകുളം' എന്ന മേൽവിലാസത്തിൽ അയക്കണം. പ്രസിദ്ധീകരിക്കാത്ത ലേഖനങ്ങൾ തിരിച്ചയക്കണമെങ്കിൽ ആവശ്യമുള്ള സ്റ്റാമ്പു് ഒട്ടിച്ച കവർ അടക്കം ചെയ്തിരിക്കേണ്ടതാണ്. എല്ലാ ലേഖകരും തങ്ങളുടെ പൂർണ്ണമായ മേൽവിലാസം പ്രത്യേകമായി എഴുതണമെന്നു അഭ്യർത്ഥിക്കുന്നു. കഥയും കവിതയും വാരികയിൽ പ്രസിദ്ധീകരിക്കുന്നതല്ല.

# 6. മതേതരോദ്ഗ്രഥനത്തിനോട് മുസ്ലീമകൾക്കുള്ളയെതിർപ്പ് - അതിൻെറ സ്വഭാവം, കാരണം, പരിഹാരം.

രാഷ്ട്രീയ സാമൂഹ്യ ജീവിതരംഗങ്ങളിൽ നിന്നു മതപരമായ പരിഗണനകളെ അകററി നിർത്തണമെന്നാണ് മതേതരത്വം കൊണ്ടു് അർത്ഥമാക്കുന്നതു്. മനുഷ്യനോടും സമൂഹത്തോടുമുള്ള ആധുനിക വീക്ഷണത്തിൽ എല്ലാ രാഷ്ട്രീയ സാമൂഹ്യ പ്രവർത്തനങ്ങളോടുമുള്ള മതേതരമായ സമീപനം ഉൾപ്പെടുന്നുണ്ടു്. മതത്തെയൊട്ടാകെ തന്നെ തിരസ്ക്കരിക്കണമെന്ന് അത് നിർബ്ബന്ധിക്കുന്നില്ല. എന്നാൽ വ്യക്തിപരമായ വിശ്വാസമെന്ന നിലക്ക് അത് മതത്തെ കണക്കാക്കുന്നു. ആധുനിക മതേതര സമൂഹത്തിനു അടിസ്ഥാനമായുള്ള ധാർമ്മിക മൂല്യങ്ങൾ യുക്തിചിന്തകൊണ്ടു് എത്തിച്ചേർന്ന മതേതരമായ ധാർമ്മികമൂല്യങ്ങളാണ്. ഇന്നു നാം മനസ്സിലാക്കുന്ന യഥാർത്ഥത്തിലുള്ള മൗലിക മാനുഷികാവകാശങ്ങളെക്കുറിച്ചുള്ള ധാരണകൾ മതങ്ങളിൽകണ്ടെത്തിയെന്നോ ഇല്ലെന്നോ വരാം. ആധുനിക മനുഷ്യരെന്ന നിലയിൽ, നമ്മുടെ സാമൂഹ്യ ബോധത്തെക്കുറിച്ചുള്ള ധാരണകളിലെത്തുന്നതിനു നാം മതത്തെ ആശ്രയിക്കുന്നില്ല. നാം സ്വീകരിച്ചിട്ടുള്ള ജനാധിപത്യഭരണ സമ്പ്രദായത്തിൽ നമ്മുടെ സാമൂഹ്യബോധം അന്തർലീനമാണ്. ജനാധിപത്യ ധർമ്മം ഉദാരമാണ്. അതിനാൽ ജനാധിപത്യ വ്യവസ്ഥ മതേതരമായിരിക്കേണ്ടതാണ്. അതായതു്, ജനാധിപത്യമായിരിക്കണമെങ്കിൽ, അത് പൂർണ്ണമായും മതത്തിൽ നിന്നു വേറിട്ടു നിൽക്കേണ്ടതാണ്. ജനാധിപത്യ സമൂഹത്തിൽ, എല്ലാ സമുദായങ്ങളും വ്യക്തികളും അടിസ്ഥാനപരമായ ഉദാര ജനാധിപത്യ ധർമ്മങ്ങൾക്കു നിരക്കുന്ന വിധം പെരുമാറണം.

പല സന്ദർഭങ്ങളിലും, മാനുഷികാവകാശങ്ങളും മതത്തെയടിസ്ഥാനമാക്കിയുള്ള സാമൂഹ്യ പെരുമാററങ്ങളും തമ്മിൽ അനിവാര്യമായ സംഘട്ടനങ്ങൾ നടക്കുന്നതു് നാം കാണാറുണ്ടു്. ഇത്തരം സാഹചര്യത്തിൽ, ആധുനിക ജനാധിപത്യ വിശ്വാസികൾ എന്ന നിലയിൽ നമുക്കുള്ള പോംവഴി, ചില മതപരമായ പെരുമാററം ജനാധിപത്യത്തിനെതിരായി സൃഷ്ടിക്കുന്ന തടസ്സങ്ങൾ ഇല്ലാതാക്കുകയാണ്. ഇന്ത്യയിൽ മുസ്ലീമുകളെ ന്യൂനപക്ഷക്കാരെന്നും ഹിന്ദുക്കളെ ഭൂരിപക്ഷക്കാരെന്നും നാം വിളിക്കുന്നുവെന്നതു് തന്നെ മതേതരമല്ലാത്ത ഒരു പെരുമാററ രീതിയാണ് സൂചിപ്പിക്കുന്നതു്. എന്നിട്ടും എല്ലാ രാഷ്ട്രീയ കക്ഷിക്കാരും ഇത് ശരിയായ വിഭജനമായി കരുതുന്നു. മതേതരാടിസ്ഥാനത്തിൽ ജനങ്ങളെ വേർതിരിക്കുന്നുവെങ്കിൽ അതു് വർഗ്ഗവ്യത്യാസത്തിൻെറ (സാമ്പത്തിക വർഗ്ഗങ്ങൾ) രൂപത്തിലുള്ളതായിരിക്കണം. ഉദാഹരണത്തിനു തൊഴിലാളി വർഗത്തിൻെറ നേതാവ് മതേതര സ്വഭാവമുള്ള നേതാവാണ്, ഹിന്ദുക്കളുടേയോ മുസ്ലീമുകളുടേയോ നേതാവു് അങ്ങിനെയല്ല.

ഇന്ത്യയിലെ മതേതരത്വം, ഭരണഘടനയിൽ വ്യവസ്ഥ ചെയ്തിട്ടുണ്ടെങ്കിലും. ഇപ്പോഴും ഒരു അഭിലാഷം മാത്രമാണ്. നമ്മുടെ സാമൂഹ്യജീവിതത്തിൽ അത് അലിഞ്ഞുചേർന്നിട്ടില്ല. മതേതരത്വം ഇന്നു അപകടനിലയിൽ പോലുമാണ്. ഹിന്ദു ഭൂരിപക്ഷത്തിനുള്ളിൽ പഴഞ്ചത്തത്തിനു ചുറ്റുമുണ്ടിയുള്ള ശക്തമായ ഒരു പുനരുദ്ധാരണ പ്രസ്ഥാനം നാം കാണുന്നുണ്ടു്. അതിനെതിരായി വിശാലവീക്ഷണമുള്ള ചെറിയ ഒരുക്കൂട്ടമാളുകൾ സമരം ചെയ്യുന്നുമുണ്ട്. ജനാധിപത്യപരമായ വിശാലവീക്ഷണത്തിലേക്കു നയിക്കുന്ന ഒരു പ്രസ്ഥാനത്തിനു നേതൃത്വം നൽകുന്നവരായി വിശാലവീക്ഷണമുള്ള ചെറിയ ന്യൂനപക്ഷം ഇന്ത്യയിലെ മുസ്ലീമുകൾക്കിടയിലില്ല. ഇന്ത്യയിലെ വിശാലവീക്ഷണമുള്ളയാളുകൾ, അവർ എത്ര ചെറിയ ന്യൂനപക്ഷമായിക്കൊള്ളട്ടെ, എല്ലാ സമുദായങ്ങളിൽ നിന്നും വരുന്നവരും മതേതരത്വത്തിൻെറയടിസ്ഥാനത്തിൽ യോജിക്കുന്നവരും ആകുന്നില്ലെങ്കിൽ, ഹിന്ദുക്കളിലെ വിശാലവീക്ഷണമുള്ള ന്യൂനപക്ഷം പോലും ക്രമേണ വർഗീയവാദികൾക്കും ഹിന്ദുപുനരുദ്ധാരണ വാദികൾക്കും എതിരായ പോരാട്ടത്തിൽ പരാജയപ്പെടുകയേയുള്ളു. മതേതരവും സംയോജിതവുമായ ഒരു സമൂഹത്തിൻെറ ഘടനയിൽ മുസ്ലീമുകളെ ഇണക്കിച്ചേർക്കണമെന്നുണ്ടെങ്കിൽ, വർഗീയ സിദ്ധാന്തങ്ങളേയും പ്രവണതകളേയും നിരന്തരം ചെറുക്കുന്ന വിശാലവീക്ഷണമുള്ള മുസ്ലീമുകൾ ആദ്യമായി ഉണ്ടാകേണ്ടിയിരിക്കുന്നു. അങ്ങിനെ വിശാലവീക്ഷണമുള്ള മുസ്ലീമുകളും, ഹിന്ദുക്കളിലെ വിശാലവീക്ഷണമുള്ളവരും മററുള്ളവരും ചേർന്നു ഇന്ത്യയിലെ ആധുനിക വീക്ഷണമുള്ള വിശാലമനസ്കരായ ഒരു കൂട്ടം ആളുകളെയുണ്ടാക്കും.

നീണ്ടതും, സങ്കീർണ്ണവുമായ സാമൂഹ്യ, സാംസ്ക്കാരിക, രാഷ്ട്രീയ, ചരിത്ര പ്രക്രിയകളിലൂടെ മാത്രമേ വിശാലവീക്ഷണമുള്ള ബുദ്ധിജീവികൾ ഉയർന്നു വരൂ. ഹിന്ദുമതം ചരിത്രപരമായി യാഥാസ്ഥിതിക വീക്ഷണം പുലർത്താത്തതുകൊണ്ടും, വിഭിന്നാഭിപ്രായത്തെ താങ്ങാൻ കെൽപ്പുള്ളതാകകൊണ്ടും ഇന്നു ഹിന്ദുക്കളിൽ സ്വാധീനശക്തിയുള്ളവരും വിശാലവീക്ഷണമുള്ളവരുമായ ഒരു കൂട്ടം ഉന്നതന്മാരുണ്ടു്. ഹിന്ദുസമുദായത്തിൻെറ സന്തതിയായ രാജാറാംമോഹൻറായിയിൽ നിന്നു ആധുനിക ഭാരതത്തിലെ വിശാലവീക്ഷണ പാരമ്പര്യം ആരംഭിക്കുന്നു. ഹിന്ദുവാദികളിൽ നിന്നു വ്യത്യസ്തരായ, മതേതരവാദികളും വിശാലബുദ്ധികളുമായ നെഹ്റുവിൻെറ കാലം വരെ ആ പാരമ്പര്യം തുടർന്നു വരുന്നു.

ഹിന്ദുക്കളിലെ വിശാലബുദ്ധികളുടെ ആക്രമണത്തിനിരയായിട്ടുള്ളതു് ഹിന്ദു യാഥാസ്ഥിതികത്വമാണ്. സാമൂഹ്യപരിഷ്ക്കരണത്തിൽ അവർ നട-

★ മുസ്ലീം പോളിററിക്സ് ഇൻ ഇന്ത്യ

ഹമീദ് ദൽവായ്

നചികേത

പബ്ളിക്കേഷൻസ്

സ്ലിററർ റോഡ്,

ബോംബേ–7.

(കഴിഞ്ഞ ലക്കത്തിൽ നിന്നു തുടർച്ച)

ത്തിയ തുടർച്ചയായുള്ള വിമർശനാത്മകമായ വിലയിരുത്തലും അവർ നൽകിയ നേതൃത്വവും കാരണം ഒരളവോളം ഹിന്ദുസമൂഹത്തിനാകെ ഗുണമുണ്ടാക്കി. ഹിന്ദുസമൂഹം വിശാലവീക്ഷണമുള്ള ജനാധിപത്യ ധർമ്മം സ്വീകരിച്ചുകഴിഞ്ഞുവെന്നോ, തൃപ്തികരമായ തോതിൽ സ്വയം നവീകരിച്ചുകഴിഞ്ഞുവെന്നോ ഞാൻ സൂചിപ്പിക്കുന്നില്ല. അങ്ങിനെ സംഭവിച്ചിട്ടില്ല. പക്ഷെ, തുടർന്നു വരുന്ന ഈ വിശാല വീക്ഷണ പാരമ്പര്യം, ഇന്ത്യയിലെ ഹിന്ദുസമുദായത്തെ, മുസ്ലീമുകളെക്കാൾ സാംസ്കാരികമായി ഉയർന്നതലത്തിലെത്തിച്ചിട്ടുണ്ട്.

എന്തുകൊണ്ടാണ് ഇന്ത്യയിലെ മുസ്ലീമുകളിൽ വിശാല ബുദ്ധികളായ ഉന്നതന്മാർ ഇല്ലാതെ പോയത്? ഇതിനുള്ള മറുപടിക്കു പല വശങ്ങളുമുണ്ട്. പക്ഷെ ഒരു കാര്യം തീർച്ചയാണ്. മുസ്ലീമുകളുടെ പിന്നോക്കാവസ്ഥക്കുള്ള വിശദീകരണം മുസ്‌ലീം മനസ്സിന്റെ ഘടനയിൽ തന്നെ കണ്ടെത്തണം.

ഇന്ത്യയിലെ മുസ്‌ലീമുകൾ കരുതുന്നത് അവർ കുററമററ സമുദായമാണെന്നാണ്. ഇന്ത്യയിലെ മറെറല്ലാ സമുദായങ്ങളിൽ വെച്ചും മികച്ചവരാണ് തങ്ങൾ എന്ന് അവർകരുതുന്നു. ഈ വിശ്വാസത്തിനൊരു കാരണം ഇസ്‌ലാമിക വിശ്വാസം കുററമററ ഒരുസമൂഹത്തെ വിഭാവനം ചെയ്യുന്നുവെന്നധാരണയാണ്. അതിനാൽ സമ്പൂർണ്ണനായ ഒരു മുസ്‌ലീമായാൽ പിന്നെ കൂട്ടതലായൊരു പുരോഗതിയും ആവശ്യമില്ലെന്നും കരുതപ്പെടുന്നു. ആധുനികയളവുകോൽ വെച്ച് സ്വീകരിക്കാനാവാത്ത അവകാശ വാദമാണിത്.

മാനുഷികാവകാശങ്ങളെക്കുറിച്ചുള്ള ആധുനിക ധാരണകൾക്കെതിരാണ് ഇസ്‌ലാമിലെ വ്യക്തിനിയമങ്ങൾ. മുസ്‌ലീം പുരുഷന്മാർക്കൊഴികെ ആർക്കും അതിലെ പൊരുത്തക്കേടുകൾ പ്രകടമായി കാണാം. അവ ഇവിടെ വിസ്തരിക്കേണ്ടതില്ല.

ഈ വിശ്വാസത്തിനുള്ള രണ്ടാമത്തെ കാരണം ഇന്ത്യയിൽ മുസ്‌ലീമുകൾ ന്യൂനപക്ഷമാണെന്നത് അവർക്ക് അമർഷമുണ്ടാക്കുന്നുവെന്നതാണ്. ഇന്ത്യയൊട്ടാകെ തങ്ങളുടെ മതം വ്യാപിപ്പിക്കുന്നതിനെപ്പററിയോ, അല്ലെങ്കിൽ കുറഞ്ഞത് ഇന്ത്യ ഭരിക്കുന്നതിനെപ്പററിയോ അവർ ഇപ്പോഴും സ്വപ്നം കാണുന്നു. പ്രതാപത്തെക്കുറിച്ചുള്ള മിഥ്യാഭിമാനത്തിന്റെ മായാവലയത്തിൽ അവർ കുടുങ്ങിയിരിക്കുന്നു. അതേ സമയം തന്നെ പീഡിപ്പിക്കപ്പെടുന്നുവെന്ന തോന്നലും അവർക്കുണ്ട്. ഇന്ത്യയിലെ മുസ്‌ലീം പത്രങ്ങളിൽ നിന്നും ജമാഅത്ത് ഇസ്‌ലാമിയുടേയും മജ്‌ലിസ് എമുഷാവരത്തിന്റേയും നേതാക്കളുടെ പ്രസ്താവനകളിൽ നിന്നും ഇതിനുള്ള ധാരാളം ഉദാഹരണങ്ങൾ ഉദ്ധരിക്കാൻ സാധിക്കും. ഈ വിശ്വാസത്തിനുള്ള മറെറാരു കാരണം വിഭജനത്തിനു മുമ്പുള്ള ഇന്ത്യയിലെ മുസ്‌ലീം രാഷ്ട്രീയത്തിൽ കാണാൻ കഴിയും. മുസ്‌ലീമുകൾ ഒരു രാഷ്ട്രത്തിനുള്ളിലെ രാഷ്ട്രവും സമൂഹത്തിനുള്ളിലെ സമൂഹവുമാണെന്നു എപ്പോഴും വിശ്വസിച്ചിട്ടുണ്ട്. പ്രാതിനിധ്യത്തെക്കുറിച്ചുള്ള അവരുടെ ആശയങ്ങൾ ഈ വിശ്വാസത്തെ അടിസ്ഥാനമാക്കിയുള്ളതാണ്. അതുകൊണ്ട ജനാധിപത്യ സമൂഹത്തെക്കുറിച്ചുള്ള ധാരണകൾക്കു തന്നെ വിരുദ്ധമാണ്. ഇന്നു ഒരു സമുദായമെന്ന നിലയിൽ സമ്പൂർണ്ണമായ സ്വയം ഭരണാധികാരത്തോട കൂടി ഭൂരിപക്ഷത്തോടൊപ്പം സമാന്തരമായ സഹവർത്തിത്വത്തിൽ അവർ വിശ്വസിക്കുന്നു. വ്യക്തിനിയമത്തിൽ മാററം വരുത്തുന്നതിനോട് അവർക്കുള്ള എതിർപ്പിന്റെ കാരണം ഇതാണ്. അവിടവും കടന്നു ശക്തിരാഷ്ട്രീയത്തിൽ സ്വാധീനം ചെലുത്താൻ വേണ്ടി തങ്ങളുടെ എണ്ണം വർദ്ധിപ്പിക്കണമെന്ന ആശയത്തിന്റെ പിടിയിൽപ്പെട്ടു കിടക്കുന്നതുകൊണ്ട്, ഇന്ത്യയിലെ മുസ്‌ലീമുകൾ, കുടുംബാസൂത്രണത്തെ എതിർക്കുന്നു. പാക്കിസ്ഥാനുവേണ്ടിയുള്ള അവകാശവാദത്തിനും അതിന്റെ സൃഷ്ടിക്കും ഇടയാക്കിയതു് ഇതേ രീതിയിൽ പണ്ട് പെരുമാറിയതു തന്നെയാണ്. കാശ്മീർ പ്രശ്നത്തോട് അവർക്കുള്ള സമീപനവും ആസ്സാം സംസ്ഥാനത്തിലെ നുഴഞ്ഞുകയററക്കാരെ രക്ഷിക്കാൻ അവരുന്നയിക്കുന്ന വാദങ്ങളും വഴി പാക്കിസ്ഥാനോട് കൂറു പുലർത്തുന്നത് അവരുടെ മതേതര വിരുദ്ധമായ വീക്ഷണത്തിന്റെ മറെറാരു വശമാണ്. ഇത്തരത്തിലും മററു പല തരത്തിലും ഇന്ത്യക്കാരെന്നു സ്വയം കരുതുന്നതിൽ അവർ പരാജയപ്പെടുന്നതു് കാണാറാകുന്നു.

ഇന്ത്യയിലെ മുസ്‌ലീമുകൾക്ക അടിസ്ഥാനപരമായുള്ള നേതൃത്വം വർഗീയ ചിന്താഗതിക്കാരുടേതാണ്. എം. സി. ഛഗ്ലയെപ്പോലെ വിശാലവീക്ഷണമുള്ള ഒററപ്പെട്ട മുസ്ലീമുകൾക്ക ഇന്ത്യയിലെ മുസ്ലീം സമൂഹത്തിൽ ഒരു സ്ഥാനവുമില്ല. ആധുനികമായ വിശാലവീക്ഷണമുള്ള കുറച്ചു വ്യക്തികളുണ്ടായതു കൊണ്ട് കാര്യമായില്ല. വിശാലവീക്ഷണമുള്ള ഉന്നതന്മാരുടെ മുന്നണിപ്പട ഇന്ത്യയിലെ മുസ്‌ലീമുകളെ നയിക്കാനാവശ്യമായിരിക്കുന്നു. ഇന്ത്യയിലെ ആധുനിക വിശാല വീക്ഷണമുള്ള മററാളുകളുമായി ഇവർ ഇണങ്ങിച്ചേരണം. ഹിന്ദു വർഗ്ഗീയതക്കും മുസ്ലീം വർഗീയതക്കും എതിരായി സഹകരിച്ച് പ്രവർത്തിക്കുകയും വേണം. ഇന്ത്യയിൽ വിശാല വീക്ഷണമുള്ള ഒരു കൂട്ടം മുസ്‌ലീം ബുദ്ധിജീവികൾ ഉയർന്നു വന്നില്ലെങ്കിൽ, ഇന്ത്യയിലെ മുസ്‌ലീമുകൾ പഴഞ്ചൻ മദ്ധ്യകാല ചിന്തയിലും വർഗീയതയിലും കടിച്ചുതൂങ്ങികിടക്കുകയേയുള്ളൂ. അവസാനം അവർ സാമൂഹ്യമായും സാംസ്കാരികമായും നശിക്കുകയും ചെയ്യും. ഹിന്ദുക്കളിലെ വിശാലവീക്ഷണത്തെ പോലും ഹിന്ദു പുനരുദ്ധാരണ വാദികൾ തകർത്തു കളഞ്ഞേക്കുമെന്നതാണ് അതിലും അപകടകരമായ കാര്യം. കാരണം, മുസ്‌ലീമുകളെ നവീകരിക്കുകയും അവരെ മതേതരമായ ജനാധിപത്യാദർശങ്ങളെക്കുറിച്ച് ബോധവാന്മാരാക്കുകയും ചെയ്യാൻ ശ്രമിക്കുന്ന വിശാല വീക്ഷണമുള്ള മുസ്‌ലീമുകളുടെ പിന്തുണയോടുകൂടിമാത്രമേ, വിശാല വീക്ഷണമുള്ള ഹിന്ദുക്കൾക്ക് വിജയിക്കാനാവൂ.

മുസ്‌ലീം വർഗീയതക്കുള്ള ഏക പരിഹാരം പ്രബുദ്ധരും വിശാല വീക്ഷണമുള്ളവരുമായ ബുദ്ധിജീവികളുടെ നേതൃത്വം ഉണ്ടാക്കുക മാത്രമാണെന്നു ഞാൻ വിശ്വസിക്കുന്നു. ഈ നേതൃത്വം മററുള്ളവരുടെ വിശ്വാസം ആർജ്ജിക്കുകയും അവരിൽ സ്വാധീനം ചെലുത്താൻ കെൽപ്പുള്ളവരാകുകയും ചെയ്യണമെങ്കിൽ, ഇന്ത്യയിലെ മുസ്‌ലീമുകളിൽ നിന്നു തന്നെ ഉയർന്നു വരേണ്ടതാണ്. അത്തരത്തിലുള്ള വിശാല ബുദ്ധിജീവികളുടെ ആദ്യത്തെ ചുമതല ഇന്ത്യയിലെ മുസ്‌ലീം ജനസാമാന്യത്തിന്റെ മേൽ വർഗീയ നേതൃത്വത്തിനുള്ള പിടിയവസാനിപ്പിക്കുകയാണ്. ജമാഅത്ത് ഇസ്‌ലാമി, മജ്‌ലിസ് എമുഷാവരത്ത്, തമിർ എമില്ലാത്ത് എന്നീ സംഘടനകളുടെ സ്വാധീനം അവസാനിപ്പിക്കേണ്ടിയിരിക്കുന്നു. 'ദേശീയ മുസ്‌ലീമുകൾ' എന്നു പറയപ്പെടുന്നവരും അടിസ്ഥാനപരമായി വർഗീയവാദികളുമായ ആളുകളെ തുറന്നു കാണിക്കണം. അതിനും പുറമെ വലതു കമ്യൂണിസ്റ്റ് പാർട്ടിയെപ്പോലുള്ള രാഷ്ട്രീയകക്ഷികളുടെ നേ

# കത്തുകൾ

## വിജയശ്രീലാളിതനായ ശ്രീ. അച്യുതമേനോൻ

കേരളഭാവി ഭരണ നിർണ്ണയത്തിന്റെ വിധി കൊട്ടാരക്കര നിലമ്പൂർ ഉപതെരഞ്ഞെടുപ്പുകളിൽ വ്യക്തമാക്കപ്പെട്ടിരിക്കുകയാണ്. നിലമ്പൂർ എം. എൽ. എ. കുഞ്ഞാലിയെ വെടിവെച്ചു കൊന്നു് തൽസ്ഥാനത്തേയ്ക്കു മറെറാരാളെ കൊണ്ടുവരുന്നതിനും, നിയമസഭാംഗമല്ലാത്ത മുഖ്യമന്ത്രി ശ്രീ. അച്യുതമേനോന് ആറുമാസ ഭരണത്തിനകം എം. എൽ. എ. യായിത്തീരണമെന്നുള്ള ഭരണഘടനാ സിദ്ധാന്ത പ്രകാരം കൊട്ടാരക്കര എം. എൽ. എ. ചന്ദ്രശേഖരൻ നായരെ രാജിവയ്പ്പിച്ചു് മത്സരിച്ചു് മുഖ്യമന്ത്രി നിയമ സഭാംഗമായിത്തീരുന്നതിനുമാണ് ഈ തെരഞ്ഞെടുപ്പുകൾ വേണ്ടിവന്നത്. മാർക്സിസ്റ്റ് കക്ഷിയെ പരാജയപ്പെടുത്തിക്കൊണ്ട് 26000–ത്തിൽപരം വോട്ടുകളുടെ ഭൂരിപക്ഷത്തോടേ മുഖ്യമന്ത്രിയും 5000–ത്തിൽ പരം വോട്ടുകളുടെ ഭൂരിപക്ഷത്തോടെ നിലമ്പൂരിൽ ഭരണ കോൺഗ്രസ് സ്ഥാനാർത്ഥിയും അത്ഭുതപൂർവ്വമായി വിജയം വരിച്ചു. 1967-ൽ കോൺഗ്രസിനെ ഒററപ്പെടുത്തിക്കൊണ്ടു് മാർക്സിസ്റ്റു പാർട്ടിയുണ്ടാക്കിയ ഐക്യമുന്നണിയുടെ കെണിയിൽ പെട്ട മുസ്ലീംലീഗ് വലതുകമ്യൂണിസ്റ്റ് ആർ. എസ്സ്. പി., ഐ. എസ് പി. തുടങ്ങിയവരും, കോൺഗ്രസ് കേരളാ കോൺഗ്രസ്, സ്വതന്ത്രാ, ജനസംഘം തുടങ്ങിയ കക്ഷികളും ഇപ്പോഴെങ്കിലും, ബോധപൂർവം ആലോചിക്കുന്നതിനും, കമ്യൂണിസ്റ്റ് വിപത്ത് ഒഴിവാക്കുതിനും, മാർഗ്ഗം കണ്ടെത്തിയതും അഭിനന്ദനാർഹമാണ്. അക്രമരാഹിത്യവും അഹിംസാ സിദ്ധാന്തവും അംഗീകരിച്ചു്, ബ്രിട്ടീഷ് ജനാധിപത്യരീതിയിലുള്ള പാർലമെന്ററി ഡെമോക്രസി സ്വീകരിച്ചു്, ഈ നാടിന്റെ പാരമ്പര്യ സംസ്കാരം നിലനിർത്തി, ആർഷ ഭാരതത്തിന്റെ അഭിമാനം കാത്തുസൂക്ഷിച്ചു രക്ഷിക്കുന്നതിനും, കമ്യൂണിസവും മാർക്സിസവും കേരളത്തിൽ നിന്നു പിഴുതുമാററിക്കളയുന്നതിനും വിജയശ്രീലാളിതനായ ശ്രീ. അച്യുതമേനോന്റെ നേതൃത്വം കഴിവുററതാണെന്നു തീർച്ചയാണ്. ഭാരതത്തിനു ചേരാത്തതും സ്വീകാര്യമല്ലാത്തതുമാണ് കമ്യൂണിസമെന്ന് അനുഭവത്തിൽ കൂടി മനസ്സിലാക്കിയ അച്യുതമേനോൻ, എം. എൻ., ടി. വി. തുടങ്ങിയ നേതാക്കൾ, ഇന്നാട്ടിൽ ജനാധിപത്യത്തിലും ഈശ്വരവിശ്വാസത്തിലും ഉറച്ചുനിൽക്കുന്നവരെയെല്ലാം കോർത്തിണക്കി സൽഭരണം നടത്തണമെന്നാഗ്രഹിക്കുമ്പോൾ, തങ്ങളുടെ പഴയ കമ്യൂണിസ്റ്റു പ്രവർത്തനത്തിൽ നിന്നണുവും മാറാതെ, അച്യുതമേനോൻ മന്ത്രിസഭയെ അട്ടിമറിക്കാനും ജന്മിമുതലാളി വിരോധം വച്ചുപുലർത്തി മതസമുദായ വിരോധം സൃഷ്ടിച്ചു്, മാർക്സിസ്റ്റുകൾ സമരസന്നാഹങ്ങളൊരുക്കുന്നുണ്ടു്. അല്പം സുഖസൌകര്യങ്ങളുണ്ടായാൽ അസൂയയും വിരോധവും കരുതേണ്ടയാവശ്യമൊന്നും ഇവർക്കില്ല. കമ്യൂണിസവും മാർക്സിസവും പ്രചരിപ്പിച്ചിരുന്ന അച്യുതമേനോൻ, കുടിലുകളിൽ കൂരകളിൽ കൺമണിപോൽ സൂക്ഷിക്കപ്പെട്ടിരുന്ന ഒരുകാലം അദ്ദേഹത്തിനുണ്ടായിരുന്നു. മനുഷ്യനെന്നും ദുരിതമനുഭവിക്കണമെന്നില്ലല്ലോ. എതിരാളികളായിരുന്നവരെല്ലാം അദ്ദേഹത്തിന്റെകാൽക്കലിന്നുവരുന്നെങ്കിൽ അത് അദ്ദേഹത്തിന്റെ കഴിവാണ്. മതസമുദായ നേതാക്കന്മാരുടെയും വലിയവരുടെയും ആരാധകനായി മേടമാളിക ഗോപുരങ്ങളിൽ സ്വീകരിക്കുന്നെങ്കിലത ഞ്ങേരുടെ യോഗമാണ്. അദ്ദേഹത്തിന്റെ സഹപ്രവർത്തകരിൽ പലരും ദുരിതത്തിൽ നിന്നു് ഇന്നു രക്ഷപെട്ടിട്ടുണ്ടു്. നമ്പൂതിരിയും ഗോപാലനും കൂട്ടരും പിമ്പേ വരു! നിങ്ങൾക്കും ആകാമല്ലൊ. പഴയ തൊഴിലാളികളും സമരങ്ങളും പോകട്ടെ. ആ പ്രവർത്തനമൊന്നും ആർഷ ഭാരതത്തിനു ചേർന്നതല്ല. നമ്മുടെ ആചാര മര്യാദകളും മതസ്വാതന്ത്ര്യവും നിലനിർത്തിപ്പോകുന്നതിനും, സമുദായ ഐക്യവും മുതലാളി തൊഴിലാളി ബന്ധങ്ങളും ഒഴിച്ചുകൂടാൻ പാടില്ലാത്തതാണ്. ഫാക്ടറികളും, വണ്ടികളും, ഭൂമിയും എല്ലാം ദേശീകരിയ്ക്കണമെന്നും പുന്നപ്രവയലാർ സമരം

### ഇന്ത്യയിലെ മുസ്ളീം രാഷ്ട്രീയം (തുടർച്ച)

താക്കളും പടിഞ്ഞാറെ ബംഗാളിലെ മുഹദ് ഇലിയാസിനെപ്പോലുള്ള വർഗീയവാദികളുമായ മുസ്ലീമുകളെ തുറന്നു കാണിക്കേണ്ടത് ആവശ്യമാണ്. മതത്തിന്റെ പേരിൽ ദേശീയ വിരുദ്ധാദർശങ്ങൾ പ്രചരിപ്പിക്കുന്നതിൽ നിന്നു ഉലേമകളെ തടയേണ്ടതാണ്. വർഗീയവാദികളുടെ നിയന്ത്രണത്തിലുള്ള മുസ്ലീം പത്രങ്ങളുടെ സ്വാധീനം ഇല്ലാതാക്കണം. ചുരുക്കത്തിൽ, എല്ലാത്തരം വർഗീയതയുടേയും വ്യാപകമായ സ്വാധീനം നിർമ്മാജ്ജനം ചെയ്യേണ്ടതാണ്.

ആധുനിക പെരുമാററ രീതികളോട്ട് സ്വന്തം സമുദായത്തിന്റെ പ്രതികരണങ്ങളിൽ ഭയപ്പെടുന്നവരും ഇന്ത്യയിലെ ഉന്നതന്മാരിൽപ്പെട്ടവരുമായ ചില മുസ്ളീമുകളുണ്ടു്. അർപ്പിത ബോധമില്ലാത്ത കപട നാട്യക്കാരായ ഈ വിശാലബുദ്ധികളെക്കൊണ്ടു് ഒരു പ്രയോജനവുമില്ല. മാത്രമല്ല ഇന്ത്യയിലെ മുസ്ളീമുകളുടെ പുരോഗതിക്കു അവർ തടസ്സവുമാണ്. അവർ ഒന്നുകിൽ ധർമ്മഭീരുക്കളാണ്. അല്ലെങ്കിൽ ഇന്ത്യയിലെ ജനാധിപത്യത്തിന്റെ തന്നെ പ്രശ്നമായ വലിയൊരു സാമൂഹ്യപ്രശ്നത്തെക്കുറിച്ചു് അറിയാത്തവരാണ്. അവർ ഇപ്പോൾ ഒന്നു തീരുമാനിക്കേണ്ടിയിരിക്കുന്നു. ഇന്ത്യയിലെ മുസ്ളീമുകൾക്കു് വിശാലവീക്ഷണമുള്ള ബുദ്ധിജീവികളുടെ നേതൃത്വം നൽകാൻ തയാറാകുന്നില്ലെങ്കിൽ യുവതലമുറ സമർപ്പണ ബുദ്ധിയോടു കൂടി ആ ചുമതല ഏറെറടുത്ത് നടത്തണം.

ഹിന്ദു വർഗ്ഗീയതയുടെ പ്രത്യാഘാതമാണ് മുസ്ളീം വർഗ്ഗീയതയെന്നു പലപ്പോഴും വാദിക്കപ്പെടാറുണ്ടു്. ഇത് ശരിയല്ല. ഒരു വശത്തു് എല്ലാത്തരം പഴഞ്ചത്തവും, പിടിവാശിയും, പുനരുത്ഥാന ശ്രമങ്ങളും പാരമ്പര്യങ്ങളും മറുവശത്തു് ആധുനിക വിശാലവീക്ഷണവും തമ്മിലാണ് ഇന്ത്യയിൽ ഇന്നു യഥാർത്ഥ സംഘട്ടനം നടക്കുന്നതു്. ഇന്ത്യയിലെ രാഷ്ട്രീയക്കാർ അവസരവാദികളും ദീർഘദൃഷ്ടിയില്ലാത്തവരുമായതു കൊണ്ടു് പലപ്പോഴും വർഗ്ഗീയതയും യാഥാസ്ഥിതികത്വവും പ്രോത്സാഹിപ്പിക്കപ്പെടുന്നു. കാര്യമായി എതിർക്കപ്പെടുന്നതേയില്ല. ഇതുകൊണ്ടാണ് എല്ലാത്തരം വർഗീയതക്കുമെതിരായി രാഷ്ട്രീയേതരമായ ഒരു പ്രസ്ഥാനം സൃഷ്ടിക്കണമെന്നതിൽ വിശാലവീക്ഷണമുള്ള എല്ലാ ബുദ്ധിജീവികളും യോജിപ്പിലെത്തേണ്ടയാവശ്യം വരുന്നതു്. ഇത് സംഭവിക്കുന്നില്ലെങ്കിൽ, ജനാധിപത്യവും വിശാലവീക്ഷണവും ഇന്ത്യയിൽ അനിവാര്യമായും തകർന്നു പോകും. കുറെയൊക്കെ അപകടത്തിനിടയാകും. സ്ഥിതിഗതികളുടെ ഗൌരവാവസ്ഥ ആരും മനസ്സിലാക്കുന്നില്ലെന്നതാണ് സങ്കടകരമായ കാര്യം. പ്രശ്നത്തിന്റെ യഥാർത്ഥ സ്വഭാവത്തെക്കുറിച്ചു് അവർക്കു് അറിഞ്ഞുകൂടെന്നത് അതിലേറെ നിർഭാഗ്യകരമായ കാര്യമാണ്.

—0—

ഒരു ലേഖകൻ എഴുതുന്നു

# ഉപതെരഞ്ഞെടുപ്പ് ഫലങ്ങൾ

ഉദ്ദേശരഹിതമായുണ്ടാക്കുന്ന ഐക്യമുന്നണികളിൽ ഇത്തവണ മാർക്സിസ്റ്റിതര ഐക്യമുന്നണി കൊട്ടാരക്കരയിലേയും നിലമ്പൂരിലേയും ഉപതെരഞ്ഞെടുപ്പുകളിൽ വിജയിച്ചിരിക്കയാണ്. കൊട്ടാരക്കരയിലെ തെരഞ്ഞെടുപ്പ് ഫലം എന്തായിരിക്കുമെന്ന ഏറെക്കുറെ തീർച്ചയായ കാര്യമായിരുന്നു. നിലമ്പൂരിലെ തെരഞ്ഞെടുപ്പ് ഫലം ആകട്ടെ ഏറെക്കുറെ സിൻഡിക്കേററുകാരും ജനസംഘക്കാരും കൂടി പിടിക്കുന്ന വോട്ടുകളുടെ എണ്ണത്തെ ആശ്രയിച്ചുമാണ് ഇരുന്നിരുന്നതു്.

കൊട്ടാരക്കരയിൽ 1967ലെ തെരഞ്ഞെടുപ്പിൽ കോൺഗ്രസ്സിനും കേരളാകോൺഗ്രസ്സിനുംകൂടി മുപ്പത്തിഅയ്യായിരത്തിലേറെ വോട്ടുകൾ ലഭിച്ചിരുന്നതാണ്. അന്ന് ഐക്യമുന്നണി സ്ഥാനാർത്ഥിക്കു 24000-ത്തിലധികം വോട്ടും ലഭിച്ചിരുന്നു. ഇത്തവണ നടന്ന ഉപതെരഞ്ഞെടുപ്പിൽ കുറുമുന്നണി സ്ഥാനാർത്ഥിയായ മുഖ്യമന്ത്രി അച്ചുതമേനോന് കോൺഗ്രസ്സിന്റേയും കേരളാ കോൺഗ്രസ്സിന്റേയും മുസ്ലീംലീഗ്, ഇന്ത്യൻ കമ്മ്യൂണിസ്റ്റ് പാർട്ടി, ആർ. എസ്സ്. പി. എന്നിവയുടേയും പിന്തുണയുണ്ടായിരുന്നു. മാർക്സിസ്റ്റ് പാർട്ടി മിക്കവാറും ഏകമായി നിന്നാണ് ഈ ശക്തികളെ എതിരിടുന്നത്. കോൺഗ്രസ്സിന്റെ വോട്ടു ഭിന്നിപ്പിക്കുവാൻ ഇടയാകുമെന്നു കരുതിയ സിൻഡിക്കേററിന്റെ ആവിർഭാവം കാര്യമായൊരു മാററവും ഉണ്ടാക്കിയതുമില്ല. സിൻഡിക്കേററ് സ്ഥാനാർത്ഥി കുരികേശുവിനു 2,449 വോട്ടു മാത്രമേ നേടാൻ കഴിഞ്ഞുള്ളൂ. അതേ സമയം മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ സ്ഥാനാർത്ഥിക്കു 18409 വോട്ടുകൾ ലഭിച്ചു. അച്ചുതമേനോനു 44472 വോട്ടുകളും കിട്ടി.

1967ലെ നിലവെച്ചു നോക്കുമ്പോൾ അച്ചുതമേനോന്റെ വിജയം അത്രക്കു അഭിമാനാവഹമായ ഒരു വിജയമല്ലതന്നെ. 1967ൽ ഐക്യമുന്നണി സ്ഥാനാർത്ഥിയായ വലത് കമ്മ്യൂണിസ്റ്റ്കാരനു കിട്ടിയ 24,672 വോട്ടും കേരളാ കോൺഗ്രസ്സുകാരനു കിട്ടിയ 23,112 വോട്ടും കോൺഗ്രസ്സുകാരനു കിട്ടിയ 10,211 വോട്ടും കൂടി കൂട്ടിയാൽ 57,995 വോട്ടുകളുണ്ടു്. ഇതിൽ 1967ൽ ലഭിച്ച മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ വോട്ടുകളൊഴികെയുള്ള വോട്ടുകളെല്ലാം ഉപതെരഞ്ഞെടുപ്പിൽ അച്ചുതമേനോന് കിട്ടേണ്ടതായിരുന്നു. അങ്ങിനെ വോട്ടുകളെല്ലാം അച്ചുതമേനോനു ലഭിച്ചിരുന്നുവെങ്കിൽ ഇപ്പോൾ കിട്ടിയതിനേക്കാൾ എത്രയോ വമ്പിച്ച ഭൂരിപക്ഷത്തോടെ അദ്ദേഹം ജയിക്കുമായിരുന്നു. പക്ഷെ അത് സംഭവിച്ചില്ലെന്നു മാത്രമല്ല 1967ൽ ഐക്യമുന്നണിക്കാരനായ വലത് കമ്മ്യൂണിസ്റ്റ്കാരനു ചന്ദ്രശേഖരൻ നായർക്കു ലഭിച്ച 24,672 വോട്ടുകളെക്കാൾ ആറായിരം വോട്ടു മാത്രമേ ഉപതെരഞ്ഞെടുപ്പിൽ മാർക്സിസ്റ്റ് സ്ഥാനാർത്ഥിക്കു കുറഞ്ഞു പോയിട്ടുള്ളൂ. ഇത് മാർക്സിസ്റ്റ്

## കത്തുകൾ (തുടർച്ച)

ന്യായീകരിച്ചു് വെടിവെപ്പ് തെററായിപ്പോയെന്നും, നക്സലൈററ് വർഗീസിനെക്കൊന്നതു ശരിയല്ലെന്നും മററും ധൈര്യമായി ഇപ്പോഴും പറഞ്ഞു നടക്കുന്ന മാർക്സിസ്റ്റുകളെ തോൽപിക്കുന്നതിനു് നിലമ്പൂർ കൊട്ടാരക്കര തെരഞ്ഞെടുപ്പുകൾ മാർഗ്ഗദർശകമായിരിക്കട്ടെ. ഇവരുംകൂട മുന്നണിയിലന്നു് സി. പി. ഐ ചേർന്നതും അബദ്ധമായിപ്പോയി. കോൺഗ്രസ് ഗംഗാധരനെ വിജയിപ്പിച്ചതിൽ അവർക്കു മേനോൻ ഗവർമ്മെണ്ടിൽ വിശ്വാസം നരബധിപ്പിച്ചു. നിലമ്പൂരിലെ കോൺഗ്രസ് സ്ഥാനാർത്ഥിയെ ആർ.എസ്സ്.പി. പിന്താങ്ങുന്നില്ലെന്നു പറഞ്ഞതിൽ പരിഭവിക്കേണ്ടതില്ല. കൊല്ലത്തു നിന്നു നിലമ്പൂരു് നടന്നെത്താനുള്ള ബുദ്ധിമുട്ടു കണക്കിലെടുക്കണം. നിലമ്പൂരിലെ പരീക്ഷണം വിജയിച്ചു മാർക്സിസ്റ്റുകാരനെക്കൊന്നിട്ടുവിടെ തെരഞ്ഞെടുപ്പു നടത്തിയാൽ വിജയമുണ്ടു് എങ്കിലും അഹിംസയിൽ വിശ്വസിക്കുന്ന വരക്കതാപം കൂടെ ക്ഷമിക്കാം. വേണ്ടിവന്നാൽ ചെയ്താൽമതി. അഹിംസയൊന്നും സനാതന ധർമ്മം ഉൽഘോഷിക്കുന്നില്ല. അധർമ്മം വളരുമ്പോൾ ഭഗവാൻ തിരുവവതാരം ചെയ്തു് ദുഷ്ടന്മാരെ പല പ്രാവശ്യം നിഗ്രഹിച്ചും മടങ്ങിപ്പോയിട്ടുണ്ടു്. മാർക്സിസ്റ്റ് ദുഷ്ടന്മാരെയും അസുരന്മാരെയും കൊന്നൊടുക്കി, മതം മനുഷ്യനെ മയക്കുന്ന കറുപ്പാണെന്നുള്ള പ്രചരണം നടത്തുന്ന ദൈവവിരോധികളെയും യുക്തിവാദികളെയും അറുതിവരുത്തി സാക്ഷാൽ അച്യുതഭഗവാൻ കേരളധരയെ രക്ഷിച്ചുവീണ്ടെടുക്കുന്നതിനു സാദ്ധ്യതയുണ്ടു്.

കേരളത്തിൽ ധർമ്മവും നീതിയും നിലനിറുത്തി ജനാധിപത്യവും സംതൃപ്തിയും കളിയാടത്തക്കവിധം ഭരണം നടത്തുന്ന ശ്രീ. അച്ചുതമേനോനും, സർവ്വശ്രീ. ടി. വി, എം. എൽ., എസ്. കുമാരൻ തുടങ്ങിയവരും നേതൃത്വം നൽകി, ഇവിടത്തെ ഹിന്ദു, മുസ്ലീം ക്രിസ്ത്യൻ സമുദായങ്ങളെയും സർവ മനുഷ്യ ജാതികളെയും അണിനിരത്തി, കമ്യൂണിസവും മാർക്സിസവും തൂത്തെറിയുന്നതിനു് മാർക്സിസ്റ്റുകളെ ഒററപ്പെടുത്തിക്കൊണ്ടു നമുക്കു് കാൽ നൂററാണ്ടിനു മുമ്പു വിളിച്ച മുദ്രാവാക്യവുമായി നീങ്ങാം.

“സർവ്വ സമുദായ മൈത്രികീജേ!

സി. പി. കുമാരൻ, കുറവിലങ്ങാട്ട്

**നന്നായി, ഒന്നാംതരം, ഇഷ്ടപ്പെട്ടു എന്നിങ്ങനെയുള്ള അഭിപ്രായങ്ങൾ മാത്രം പ്രകടിപ്പിക്കുന്ന കത്തുകൾ കഴിവതും ഒഴിവാക്കണമെന്നു് അഭ്യർത്ഥിക്കുന്നു. വാരികയിൽ ലേഖനങ്ങളെക്കുറിച്ചു് ഗൗരവപൂർവ്വം നിരൂപണം നടത്തി അഭിപ്രായങ്ങൾ എഴുതി അറിയിക്കണമെന്നാണു് ആഗ്രഹിക്കുന്നതു്. വായനക്കാരുടേയും പൊതുജനങ്ങളുടേയും ശ്രദ്ധയാകർഷിക്കണമെന്നാഗ്രഹിക്കുന്ന സംഭവങ്ങളെക്കുറിച്ചും എഴുത്തുകൾ അയക്കാവുന്നതാണു്. പ്രസിദ്ധപ്പെടുത്താൻ പാടില്ലാത്ത കത്തുകളാണെങ്കിൽ ആ വിവരം പ്രത്യേകം എഴുതിയിരിക്കണം. എല്ലാ കത്തുകളിലും പൂർണ്ണമായ മേൽവിലാസം എഴുതുക.**

**—പത്രാധിപർ.**

## ചിലതൊക്കെ സംഭവിക്കും

എപ്രിൽ 27–ാംനു- ചൊവ്വാഴ്ചയിലെ 'മാതൃഭൂമി' (എറണാകുളം) യിൽ ''നാട്ടിൽ നടക്കുന്ന അക്രമപ്രവർത്തനങ്ങളെ തടയാൻ ജനങ്ങളുടെ സഹകരണമാവശ്യമാണെന്ന മദ്രാസ്സിൽ വെച്ച് പ്രധാനമന്ത്രി ഇന്ദിരാഗാന്ധി ചെയ്ത പ്രസ്താവനയെ സമൂലം പിന്താങ്ങിക്കൊണ്ട് സ്വകാര്യ സ്വത്തുക്കൾ സംരക്ഷിയ്ക്കാൻ മുഖപ്രസംഗത്തിലൂടെ ഒരു ഉപായം നിർദ്ദേശിച്ചിരിക്കുന്നു. ആരോഗ്യമുള്ള ചെറുപ്പക്കാരെ തെരഞ്ഞെടുത്ത് – സൂപ്പ് കൊടുത്ത് ആയുധം പിടിപ്പിച്ച് പടിപ്പുരക്കൽ കാവൽ നിറുത്തുമെന്നാണ് 'മാതൃഭൂമി''യുടെ ഭീഷണി.

പക്ഷെ, അദ്ധ്വാനിച്ച് നട്ടെല്ലു തകരുന്നവനു ഒന്നു തലചായ്ക്കുവാൻ ഇടമില്ലാതിരിക്കുമ്പോൾ ടൌണുകളിലെ ഹോട്ടലുകൾക്കു പിന്നിൽ തെണ്ടിപ്പട്ടികളുമായി മല്ലടിച്ച് എച്ചിലിലക്കു വേണ്ടി ക്യൂ നിൽക്കേണ്ടി വരുമ്പോൾ സ്വകാര്യ സ്വത്തുടമകൾ ചിലതെല്ലാം അനുഭവിക്കേണ്ടിവരും. അപ്പോൾ ബൂർഷ്വാസിയുടെ പാദസേവ ചെയ്ത ശീലമുള്ള ചില ചെറുപ്പക്കാരെ കാശുകൊടുത്ത് മനുഷ്യപ്പട്ടികളായി കാവൽ കിടത്താറുണ്ട്. അവരൊക്കെ വളരെയെളുപ്പം പമ്പകടക്കുകയും ചെയ്യും.

ദാരിദ്ര്യവും അസമത്വവും നിലനിൽക്കുന്നിടത്തോളം കാലം ഇന്ദിരാഗാന്ധിയല്ല, മരിച്ച നെഹ്രുതന്നെ എഴുന്നേററുവന്നു പറഞ്ഞാലും ഈ നാട്ടിൽ ചിലതൊക്കെ സംഭവിക്കാതെ തരമില്ല.

ടി. സി. വൈ,
കാന്നക്കാരി

X X X

## സ്ത്രീസമത്വത്തിനു എതിരല്ല

പത്താം ലക്കത്തിൽ 'സ്ത്രീയും സിനിമ'യും എന്ന തലക്കെട്ടിൽ എം. ശാരദ എഴുതിയ കത്ത് വായിച്ചപ്പോൾ ഈ കുറിപ്പെഴുതണമെന്നു തോന്നി.

1953 ൽ അമൃതസാറിൽ മോഡേൺവനിതാ കോളേജിൽ അന്നത്തെ കേന്ദ്രഗതാഗത വകുപ്പ് മന്ത്രി ജഗജീവൻറാം ചെയ്ത പ്രസംഗത്തിൽ നിന്നു അദ്ദേഹത്തെ 'വഴിമുടക്കിയായ ഉന്നത'നായിട്ടാണ് ശാരദ കാണുന്നത്. സ്ത്രീസമത്വത്തിനെതിരായി ഒററ വാക്കുപോലും ജഗജീവൻറാം പറഞ്ഞതായി അറിവില്ല.

പൊതുജീവിതത്തിലും രാഷ്ട്രീയത്തിലും സ്ത്രീക്ക് സ്ഥാനം നൽകുന്നില്ലെന്നു പറയുന്ന ലേഖിക ഇന്ദിരാഗാന്ധി മുതൽ കെ. ആർ. ഗൌരിവരെയുള്ള മഹതികളെ അവഗണിക്കുകയാണ്. സയൻസും ടെക്നോളജിയും സ്ത്രീക്കു വിലക്കപ്പെട്ടിരിക്കുന്നുവെന്നാണ് അടുത്ത പരാതി. അവിടെയും പുരുഷനോടൊപ്പം എത്താൻ പ്രതിഭാശാലികളായ സ്ത്രീകൾക്കു കഴിഞ്ഞിട്ടുണ്ടെന്നു അവർ മനപ്പൂർവ്വം വിസ്മരിക്കുകയാണ്. സ്ത്രീസമത്വത്തെ എതിർക്കുന്നവരായി ഇന്നു ആരും തന്നെ കാണുകയില്ല. സാമൂഹ്യ പുരോഗതിയുണ്ടാകണമെങ്കിൽ, സ്ത്രീസമത്വം ഉണ്ടായേ മതിയാകൂ.

ജനാധിപത്യ സോഷ്യലിസം ഇന്ത്യയിൽ വിജയിക്കണമെങ്കിൽ മതത്തിൻേറയും സവർണ്ണ മേധാവിത്വത്തിൻേറയും സ്വാധീനം എന്നെന്നേക്കുമായി ഇല്ലാതാക്കണം. നിയമവശാൽ കിട്ടുന്ന ആനുകൂല്യം പോലും അധഃസ്ഥിതനു നൽകാതെ തടഞ്ഞു വെച്ച് സവർണ്ണൻ പങ്കിട്ടെടുക്കുന്ന ഇന്നത്തെ സാഹചര്യത്തിൽ, അവരിൽ നിന്നു എത്ര സ്ത്രീകളെയാണ് പൊതുവേദിയിലോ രാഷ്ട്രീയത്തിലോ ഉയരുന്നവനു കാണാൻ കഴിയുക? സ്വാതന്ത്ര്യം കിട്ടി 22 വർഷം കഴിഞ്ഞിട്ടും ഈ സ്ഥിതിമാററാൻ സവർണ്ണർക്കു കഴിവില്ലെന്നാണോ ധരിക്കേണ്ടത്.

അധഃകൃതനെ ഉയർത്താൻ ഒരു മഹാൻ ആത്മാർത്ഥമായി യത്നിച്ചു. ആ മഹത്തായ യത്നത്തിൻെറ ഫലം നിയമവശാൽ ഇപ്പോഴും കിട്ടുന്നുവെന്നതിൽ കവിഞ്ഞ് എത്രപേർ അധഃകൃതോന്നമനം ലക്ഷ്യമായി മുന്നോട്ടു വരുന്നുണ്ട്?

എം. ബി. വി.
പുത്തൻ തറ.

X X X X X

## പ്രതിബന്ധം ചൂണ്ടിക്കാണിക്കുക

സാധാരണയിൽ നിന്നുള്ള വ്യത്യസ്തതയല്ല, രാഷ്ട്രീയമായി ദീർഘദൃഷ്ടിയോടുകൂടിഎഴുതുന്ന ലേഖനങ്ങളാണ് എന്നെ ആകർഷിച്ചതു്. എഴുതാപ്പുറം എന്നെ കൂടുതൽ ആകർഷിച്ചു. ഇടതു് കമ്യൂണിസ്ററുകളുമായി തെരഞ്ഞെടുപ്പിനെങ്കിലും യോജിയ്ക്കേണ്ട ആവശ്യകത കോൺഗ്രസ്സുകാർക്കു മനസ്സിലാകുമോ എന്നാണ എൻെറ സംശയം.

കൊട്ടാരക്കര ഒരു സ്ഥാനാർത്ഥിയെക്കൊണ്ട് കോൺഗ്രസ്സ് നോമിനേഷൻ എങ്കിലും കൊടുപ്പിച്ചിരുന്നെങ്കിൽ കുറുമുന്നണിക്കാർ പരസ്യമായി നിലമ്പൂരിൽ കോൺഗ്രസ്സിനെ പിന്താങ്ങുമായിരുന്നില്ലേ? ഈ ബുദ്ധിശൂന്യന്മാർ അടുത്ത തെരഞ്ഞെടുപ്പിൽ ഇപ്പോഴുള്ള നിയമസഭാ സ്ഥാനങ്ങളുംകൂടി കളഞ്ഞു കുളിച്ച് നാട്ടിൽആളുകൾ വോട്ടുചെയ്ത വോട്ടിൻെറ എണ്ണവും പറഞ്ഞു നടക്കുന്ന ഗതികേടു വരുത്തും.

യാഥാസ്ഥിതികത്വം ഇന്നു സോഷ്യലിസം എന്ന ലേബലൊട്ടിച്ചാണ് അവരുടെ പുത്തൻ രീതിയിലുള്ള ചൂഷണ സമ്പ്രദായം അവതരിപ്പിക്കുന്നതു്. സാധാരണ ജനതയുടെ കയ്യിൽ എന്നും കൃത്യമായി എത്തുന്നതും കൂടുതൽ പ്രചാരമുള്ളതുമായ പത്രങ്ങൾ കാര്യക്ഷമതയോടെ പ്രചരിപ്പിക്കുന്നതു തങ്ങൾക്കുതന്നെ എതിരാണെന്നു മനസ്സിലാക്കാൻ പുതിയ പത്രങ്ങൾ ഇന്നാവശ്യമായിരിക്കുന്നു.

എല്ലാവർക്കും ഇന്നു പറയാനുള്ളതു്. സോഷ്യലിസത്തെപ്പററിയാണ്. പക്ഷെ സോഷ്യലിസ്ററ് സാമൂഹ്യരീതിയിലേക്കു നീങ്ങുന്ന ഒരു ചുവടും വെക്കുവാൻ ഈ പ്രാസംഗികർ സമ്മതിക്കുകയില്ല. സമരം കൊണ്ട് നേടാത്ത ഒന്നും മർദ്ദിതവർഗ്ഗത്തിൻെറ കയ്യിലില്ല കൂടുതൽ സമരം ചെയ്യുവാൻ അവരെ പ്രാപ്തരാക്കുക.

പരിവർത്തനത്തിനുവേണ്ടി ജനത ഇന്നു തപ്പിത്തടയുകയാണ്. വഴി ഏതെന്നും എന്തൊക്കെയാണ് തങ്ങളുടെ പ്രതിബന്ധമെന്നും മാത്രം അവരെ ധരിപ്പിക്കുവാൻ 'നിർണ്ണയ, ത്തിലൂടെ ശ്രമിക്കുക. ഇന്നത്തെ മൂർച്ചയിൽ, രീതിയിൽ സിനിമാനിരൂപണം പോലും (ഉദാഹരണം അമ്മയെന്ന സ്ത്രീ) തുടരുന്നിടത്തോളം കൂടുതൽ കൂടുതൽ പ്രചരണം ഉടനടിയല്ലെങ്കിലും താമസിയാതെ കൈവരും.

ജോണി
മണ്ണാർക്കാട്

X X X

(ഉപതിരഞ്ഞെടുപ്പുഫലങ്ങൾ തുടർച്ച)

കാരെ സംബന്ധിച്ചിടത്തോളം വമ്പിച്ച നേട്ടമാണ്. കാരണം 1965ൽ സ്വന്തമായി സ്ഥാനാർത്ഥിയെ നിർത്തി മത്സരിച്ചു നിൽക്കാൻ പോലും കൊട്ടാരക്കരയിൽ മാർക്സിസ്ററ് പാർട്ടിക്കു ശക്തിയുണ്ടായിരുന്നില്ല. സ്ഥാനാർത്ഥിയെ നിർത്തിയെങ്കിലും പിൻവലിക്കേണ്ടി വരുകയാണുണ്ടായതു്. എന്നാൽ 1970ലെ സ്ഥിതിയോ? 1965ൽ ഒന്നും രണ്ടും മൂന്നും സ്ഥാനങ്ങൾ നേടിയവരെല്ലാം ഒന്നിച്ചുനിന്നു മാർക്സിസ്ററ് പാർട്ടിയെ എതിർത്തു. എന്നിട്ടും മാർക്സിസ്ററ് പാർട്ടിക്ക് 18000 ത്തിലധികം വോട്ടുകൾ ലഭിച്ചു. ഇതിന്റെ യർത്ഥം പഴയതുപോലെ കക്ഷികൾ ഭി

ന്നു മത്സരിച്ചിരുന്നുവെങ്കിൽ മാർക്സിസ്റ്റ് പാർട്ടി ഒന്നാം സ്ഥാനത്തെത്തുമായിരുന്നുവെന്നാണ്.

അതുകൊണ്ട് മാർക്സിസ്റ്റ് കമ്യൂണിസ്റ്റ് പാർട്ടിക്കു ശക്തികുറഞ്ഞുവെന്നു പ്രചരിപ്പിക്കുന്നവർ കണ്ണടച്ചിരുട്ടാക്കാൻ ശ്രമിക്കുകയാണ് കൊട്ടാരക്കരയെ സംബന്ധിച്ചിടത്തോളം മാർക്സിസ്റ്റ് പാർട്ടിക്കുണ്ടായിട്ടുള്ള ശക്തി വർദ്ധന അനിഷേധ്യമാണ്. കൊട്ടാരക്കരയിൽ 1967 നെയപേക്ഷിച്ച് പന്തീരായിരത്തിലധികം വോട്ടുകൾ ആകെ കൂടിയിട്ടുണ്ടെന്നും ഓർക്കേണ്ടതാണ്. നിലമ്പൂരിൽ കുറുമുന്നണി സ്ഥാനാർത്ഥിയുടെ വിജയമാണ് കൊട്ടാരക്കരയിൽ അവരുടെ വിജയത്തേക്കാൾ ശ്രദ്ധാർഹമായിട്ടുള്ളത്. നിലമ്പൂരിൽ വിജയിച്ച ഗംഗാധരന് മാർക്സിസ്റ്റ് കമ്യൂണിസ്റ്റ് പാർട്ടി സ്ഥാനാർത്ഥിയെക്കാൾ 5,574 വോട്ടുകളാണ് ലഭിച്ചതു്. ഗംഗാധരൻ കോൺഗ്രസ്സിന്റെ സ്ഥാനാർത്ഥിയാണോ അതോ സ്വതന്ത്രനാണോ എന്നു ഇപ്പോഴും പറയാൻ നിർവ്വാഹമില്ല. ഗംഗാധരൻ കോൺഗ്രസ്സുകാരനാണെന്നു വേറെ ചില പത്രങ്ങളും, അതല്ലാ സ്വതന്ത്രസ്ഥാനാർത്ഥിയാണെന്നു 'ജനയുഗ'വും പറയുന്നുണ്ടു്) മുസ്ലീംലീഗ്, കോൺഗ്രസ്സ്, വലത്കമ്യൂണിസ്റ്റ് പാർട്ടി, ഐ. എസ്സ്. പി. എന്നിവയുടെയൊക്കെ പിന്തുണയുള്ള ഗംഗാധരന് ഉപതെരഞ്ഞെടുപ്പിൽ 30,802 വോട്ടുകിട്ടി. മാർക്സിസ്റ്റ് സ്ഥാനാർത്ഥി അബൂബക്കർക്കു് 25,228 വോട്ടും കിട്ടി. മാർക്സിസ്റ്റ് സ്ഥാനാർത്ഥിക്കു 1970 ൽ കിട്ടിയ വോട്ടുകൾ 1967 നെയപേക്ഷിച്ച് സമം തന്നെയാണ്. മുസ്ലീലീഗിന്റേയും വലത് കമ്യൂണിസ്റ്റ്, ഐ. എസ്സ്. പി. എന്നിവയുടേയും പിന്തുണ നഷ്ടപ്പെട്ടിട്ടും തങ്ങൾ പഴയതുപോലെ തന്നെ വോട്ടുകളുടെ എണ്ണം നിലനിർത്തിയെന്നു മാർക്സിസ്റ്റ് കമ്യൂണിസ്റ്റുകാർ പറയുമായിരിക്കും. പക്ഷെ 1967 നെയപേക്ഷിച്ച് 20,000 വോട്ടുകൾ വർദ്ധിച്ച മണ്ഡലമാണ് നിലമ്പൂർ. 1967 ൽ നിലമ്പൂരിൽ ആകെ വോട്ടർമാർ 62,741 ആയിരുന്നെങ്കിൽ 1970 ൽ അത് 83,660 ആയിവർദ്ധിച്ചിട്ടുണ്ട്. ഇരുപതിനായിരം വോട്ടു വർദ്ധിച്ചപ്പോൾ കൊട്ടാരക്കരയിലെ തോതനുസരിച്ചാണെങ്കിൽ മാർക്സിസ്റ്റ് കമ്യൂണിസ്റ്റ് പാർട്ടിയുടെ വോട്ടുകൾ ഇതിലും വർദ്ധിപ്പിക്കേണ്ടതായിരുന്നില്ലേ?

1965 ലെ തെരഞ്ഞെടുപ്പിന്റെ നിലകൂടിനോക്കിവേണം ഇത് പരിശോധിക്കാൻ 1965 ൽ കോൺഗ്രസ്സും മാർക്സിസ്റ്റ്പാർട്ടിയും മുസ്ലീം ലീഗ് വേറിട്ട് വേറിട്ട് നിന്നാണ് മത്സരിച്ചത്. അന്നു മാർക്സിസ്റ്റ് സ്ഥാനാർത്ഥിക്കു് 17,961 വോട്ടും കോൺഗ്രസ്സ് സ്ഥാനാർത്ഥിക്കു് 10,753 വോട്ടും മുസ്ലീം ലീഗുകാരനു 8, 868 വോട്ടും ജനസംഘം പിന്തുണ നൽകിയ സ്വതന്ത്രനു 4, 320 വോട്ടും ലഭിച്ചു. 1965 ൽ മുസ്ലീം ലീഗിനു പോയ വോട്ടുകൾ കൂടി 1967 ൽ മാർക്സിസ്റ്റുകാരനു ലഭിച്ചുവെന്നല്ലാതെ നിലമ്പൂരിനെ സംബന്ധിച്ചിടത്തോളം വലിയ വ്യത്യാസമുണ്ടായിട്ടില്ലെന്നു കണക്കുകളിൽ കാണാം. 1965 ലെയും 1967 ലെയും തെരഞ്ഞെടുപ്പ് ഒരേ വോട്ടർ പട്ടികയുടെ അടിസ്ഥാനത്തിൽ നടന്നതുമാണ്. 1965 ൽ നിന്നു 1967 ലെത്തിയപ്പോൾ കോൺഗ്രസ്സുകാരനാണ് വോട്ടുകൾ കൂടിയത്. അയ്യായിരത്തോളം വോട്ടു കോൺഗ്രസ്സിനുകൂടി. പക്ഷെ ഇത് 1965 ൽ ജനസംഘം സ്വതന്ത്രനു പോയ വോട്ടുകളായിരിക്കാനാണ് സാദ്ധ്യതയുള്ളത്.

1970 ലെ തെരഞ്ഞെടുപ്പ് വന്നപ്പോൾ നിലമ്പൂരിൽ രാഷ്ട്രീയവും ഭൌതികവും ആയ സാഹചര്യങ്ങൾക്കൊക്കെ മാററമുണ്ടായി. കോൺഗ്രസ്സ് പിളർന്നു. താരതമ്യേന മലബാറിൽ കൂടുതൽ ശക്തിയുണ്ടെന്നു കരുതപ്പെട്ടിരുന്ന സിൻഡിക്കേററുകാർ കോൺഗ്രസ്സിനു 1967 ൽ ലഭിച്ച വോട്ടുകൾ ഭിന്നിപ്പിക്കുമെന്നാണ് പലരും കരുതിയതു്. അങ്ങിനെ ഭിന്നിച്ചു പോകുന്ന വോട്ടുകൾക്കുപകരമായി മുസ്ലീംലീഗിന്റെ വോട്ടുകൾ ഗംഗാധരനു ലഭിച്ചാലും മാർക്സിസ്റ്റ്കാരെ സംബന്ധിച്ചിടത്തോളം ഫലത്തിൽ വ്യത്യാസമൊന്നുമുണ്ടാകയില്ലെന്നും കരുതപ്പെട്ടു. വർദ്ധിച്ചതായ 20,000 വോട്ടുകൾ ഇരുവർക്കും തുല്യമായി വീതിച്ചു പോകുമെന്നായിരുന്നു ഊഹം. കുറുമുന്നണിക്കാരുടെകണക്കു കൂട്ടൽ പ്രകാരം വർദ്ധിച്ച 20,000 വോട്ടിൽ ഗണ്യമായ വിഭാഗം തങ്ങൾക്കു ലഭിക്കുമെന്നുമായിരുന്നു.

തെരഞ്ഞെടുപ്പ് ഫലം പരിശോധിച്ചാൽ കാണുന്നത് 1967 നെയപേക്ഷിച്ച മാർക്സിസ്റ്റ്കാരനു് വോട്ടുകൾ അല്പം കൂടുതലാണെന്നാണ്. അതായത് മുസ്ലീംലീഗുകാരൻ വേറിട്ടു പോയിട്ടും വോട്ടുകളുടെ എണ്ണത്തിൽ കുറവു വന്നില്ല അതേസമയം കോൺഗ്രസ്സ് സ്വതന്ത്ര സ്ഥാനാർത്ഥിക്കു 1967 നെയപേക്ഷിച്ചു 15,300 ലധികം വോട്ടുകളാണ് വർദ്ധിച്ചതു്. ഇതിൽ തീർച്ചയായും ഗണ്യമായ ഭാഗം വർദ്ധിച്ച വോട്ടുകളിൽ നിന്നു ലഭിച്ചതായിരിക്കും. പക്ഷെ, വർദ്ധിച്ച വോട്ടുകൾ തുല്യമായി പങ്കിട്ടുപോകാനാണു സാദ്ധ്യതയുള്ളതെന്നതിൽ മിക്കവാറും എല്ലാവരും ഏകാഭിപ്രായക്കാരാണ് അങ്ങിനെയാണെങ്കിൽ കോൺഗ്രസ്സ് സ്വതന്ത്രനു കൂടുതലായി ലഭിച്ച വോട്ടുകൾ തീർച്ചയായും മുസ്ലീംലീഗിന്റെ പിന്തുണ കൊണ്ടു് ലഭിച്ചവയാകണം. അതായതു് മുസ്ലീംലീഗ് 1965 നെയും 1967 നെയും അപേക്ഷിച്ച് ശക്തിപ്രാപിച്ചിരിക്കുന്നുവെന്നർത്ഥം. ഒററക്കു ഭൂരിപക്ഷം ലഭിക്കാത്ത സ്ഥാനങ്ങളിൽ നിർണ്ണായകശക്തിയെന്ന നിലക്കും അവരുടെ സ്വാധീനം വർദ്ധിച്ചിരിക്കയാണ്.

ഇത് ഇങ്ങനെയായതിൽ ഒട്ടും അത്ഭുതമില്ല. മുസ്ലീം ലീഗിന്റെ പ്രവർത്തനരീതിയും അവർ മുസ്ലീം ജനസാമാന്യത്തിന്റെ മനസ്സിനെ ആകർഷിക്കുന്ന രീതിയും യാഥാർത്ഥ്യബോധത്തോടെ പരിശോധിച്ചാൽ അതു മനസ്സിലാകും. നിലമ്പൂരിൽ കണ്ടത് മാർക്സിസ്റ്റ് പാർട്ടിക്കു ശക്തി കുറയുന്നതല്ല, പ്രത്യുത മുസ്ലീം ലീഗിനു ശക്തി വർദ്ധിക്കുന്നതാണ്. 1960 മുതൽക്കുള്ള ഐക്യമുന്നണികളുടെ ചരിത്രം പരിശോധിച്ചാൽ ഇത് മനസ്സിലാകും. 1960 ൽ കോൺഗ്രസ്സും മുസ്ലീം ലീഗും പി. എസ്സ്. പി. യും തമ്മിലുണ്ടായ ഐക്യമുന്നണി മുസ്ലീംലീഗിന്റെ ശക്തി വർദ്ധിപ്പിച്ചു. കോൺഗ്രസ്സ് പുറംതള്ളിയതാണ് മുസ്ലീംലീഗിന്റെ ശക്തി വർദ്ധിക്കാനിടയായതെന്നു പലരും പറഞ്ഞു കേൾക്കാറുണ്ടു്. എന്നാൽ വർഗ്ഗീയതയെ കരുവാക്കി കൂടുതൽ സ്ഥാനമാനങ്ങൾ നേടുകയെന്നത് വിഭജനത്തിനു മുമ്പേ തന്നെ മുസ്ലീംലീഗിന്റെ അടവായിരുന്നു. അങ്ങിനെ നേടിയെടുക്കുന്ന ചില സ്ഥാനമാനങ്ങൾ ഒന്നോ രണ്ടോ വ്യക്തികളുടെ കമ്മീററിയംഗത്വമോ, ജഡ്ജിസ്ഥാനമോ ആണെന്നിരുന്നാൽ പോലും അതു് മുസ്ലീമുകളുടേയും ലീഗിന്റേയും വർഗ്ഗീയടിസ്ഥാനത്തിലുള്ള നേട്ടമായി ചിത്രീകരിക്കപ്പെടും. മുസ്ലീം ജനസാമാന്യത്തെ ഈ പ്രചരണം ഇന്നും സ്വാധീനിക്കുന്നുവെന്നതാണ് യഥാർത്ഥ്യം, മലപ്പുറം ജില്ലരൂപവൽക്കരിച്ചതും ഇങ്ങനെ മുസ്ലീംലീഗിന്റെ വലിയൊരു നേട്ടമായി ചിത്രീകരിക്കപ്പെട്ടിട്ടുണ്ടു്.

(ശേഷം 15-ാം പേജിൽ)

# കിഴക്കു ചുവന്ന ഗാനം

കിഴക്കു ചുവന്ന പാട്ടുമായി ചീനയുടെ ഉപഗ്രഹം ഭൂമിയെ ചുററുകയാണ്. അതോടെ ബഹിരാകാശത്തിൽ നിന്നു ആദ്യമായി ഏഷ്യയുടെ ശബ്ദം കേട്ടുതുടങ്ങിയിരിക്കുന്നു. കഴിഞ്ഞ നൂററാണ്ടുകളിൽ അടിച്ചമർത്തപ്പെട്ട കിഴക്കൻ രാഷ്ട്രങ്ങളിലെ ജനതകൾക്കെല്ലാം ആവേശകരമാണ് ചീനയുടെ ഉപഗ്രഹം നൽകുന്ന സന്ദേശം. ഉണർന്നെഴുന്നേൽക്കുന്ന ഏഷ്യയുടെ പുരോഗതിയിൽ ചീനയുടെ നേട്ടം വെളിച്ചം കാണിക്കുമെന്നു തീർച്ച.

ശാസ്ത്രത്തിൻേറയും യുക്തിചിന്തയുടേതുമായ നവീന ലോകത്തിലേക്കു ഏഷ്യ കടന്നുവരുകയാണ്. ജാപ്പാനിനെ വിസ്മരിച്ചുകൊണ്ടല്ലാ ഈ പറയുന്നതു്. കിഴക്കിൻെറ പാരമ്പര്യം കളഞ്ഞു കുളിക്കാതെ തന്നെ ശാസ്ത്രീയ ചിന്തയെ കെട്ടിപ്പുണർന്നു മുന്നേറിയ ആ കൊച്ചു രാജ്യം എന്തുകൊണ്ടോ ഇതേവരെ ഏഷ്യയുമായി അലിഞ്ഞു ചേർന്നിട്ടില്ല.

ജാപ്പാൻ അയൽപക്കത്തെ ഏഷ്യൻ രാജ്യങ്ങളിൽ മുമ്പ് നടത്തിയിട്ടുള്ള ആക്രമണങ്ങളുടെ ഓർമ്മകളായിരിക്കാം. ഏഷ്യയിൽ നിന്നു ആ രാജ്യത്തെ അകററി നിർത്തിയതു്. അതേപോലെ തന്നെ രണ്ടാം ലോകമഹായുദ്ധത്തിലെ പരാജയത്തിനു ശേഷം ജപ്പാൻ അമേരിക്കയുടെ പിടിയിൽ അമർന്നു പോയതും മറെറാരു കാരണമായിരിക്കണം. (പക്ഷെ, ജാപ്പാനിലും ഏഷ്യൻ രാജ്യങ്ങളുമായി ഇണങ്ങിച്ചേരാനുള്ള നീക്കങ്ങൾ ആരംഭിച്ചിട്ടുണ്ടു്.)

ശാസ്ത്രീയ വ്യവസായികരംഗങ്ങളിൽ വമ്പിച്ച നേട്ടങ്ങളുണ്ടാക്കിയ ജാപ്പാനിനു പോലും സാധിക്കാത്ത ഒരു വിജയമാണ് ചൈനക്കു ഇപ്പോൾ സാധിച്ചിട്ടുള്ളതു്. ബഹിരാകാശത്തേക്കു ഉപഗ്രഹങ്ങൾ അയക്കാൻ ജാപ്പാൻ നടത്തിയ ശ്രമം ഇതേവരെ വിജയിച്ചിട്ടില്ല. ലോകത്തിൽ റഷ്യക്കും അമേരിക്കയുമൊഴികെ മറെറാരു രാഷ്ട്രത്തിനും ബഹിരാകാശത്തിൽ ഉപഗ്രഹത്തെ ചുററിക്കാൻ സാധിച്ചിട്ടുമില്ല. (റഷ്യ ഏഷ്യൻ രാഷ്ട്രമല്ല.)

ചൈനക്കു കൈവന്ന മികച്ച ഈ ശാസ്ത്രീയ നേട്ടത്തെക്കുറിച്ചു് ഓർക്കുമ്പോൾ ഇന്ത്യയുമായി താരതമ്യം നടത്താൻ ഏതൊരു ദേശാഭിമാനിയും തയാറാകും. ചൈനയുടെ വിമോചനം നടക്കുന്നയവസരത്തിൽ ഇന്ത്യ ശാസ്ത്രീയ സാങ്കേതിക വിദ്യയുടെ കാര്യത്തിൽ ഏഷ്യയിൽ ജാപ്പാൻ കഴിഞ്ഞാൽ ഏററവും മുന്നിട്ടുനിൽക്കുന്ന രാജ്യമായിരുന്നു. ശാസ്ത്രത്തിൻെറ പ്രാധാന്യം മനസ്സിലാക്കിയിട്ടുള്ള ആളെന്നു പറയപ്പെടുന്ന ജവഹർലാൽ നെഹ്രുവിൻെറ നേതൃത്വത്തിലുള്ള ഭരണമാണ് ഇരുപതു കൊല്ലത്തോളം സ്വതന്ത്ര ഇന്ത്യയിൽ നടന്നതും. എന്നിട്ടും ചൈനയോടു താരതമ്യപ്പെടുത്താവുന്ന ശാസ്ത്രീയ നേട്ടം കൈവരിക്കാൻ ഇന്ത്യക്കു സാധിച്ചിട്ടുണ്ടോ?

ഇന്ത്യയിൽ കുറെ ശാസ്ത്രീയ ഗവേഷണശാലകളും പരീക്ഷണശാലകളും സ്ഥാപിക്കപ്പെട്ടിട്ടുണ്ടു്. അവിടെയൊക്കെ ഉദ്യോഗസ്ഥ മേധാവിത്വം അഴിഞ്ഞാട്ടം നടത്തുന്നതിനിടയിൽ കുറെ പരീക്ഷണങ്ങളും ഗവേഷണങ്ങളും നടത്തുന്നുമുണ്ടു്. ഇതിൻെറ ഫലമായി ഉണ്ടായിട്ടുള്ള അല്ലറ ചില്ലറ നേട്ടങ്ങൾ വലിയ കാര്യമൊന്നുമല്ല. മര്യാദക്കു ഭക്ഷണം കഴിച്ചില്ലെങ്കിലും രണ്ടു കൊല്ലം കഴിഞ്ഞാൽ രണ്ടു് വയസ്സ് കൂടും. പ്രായം കൂടുന്നതു പോലുള്ള പുരോഗതിയും നേട്ടവുമല്ലാതെ ശാസ്ത്രീയ രംഗത്ത് സ്വതന്ത്ര ഇന്ത്യക്കു മികച്ച നേട്ടമൊന്നുമുണ്ടായിട്ടില്ല.

ഇന്ത്യയിൽ കഴിവും പ്രതിഭയും ഉള്ള ശാസ്ത്രജ്ഞന്മാരില്ലാത്തതുകൊണ്ടൊന്നുമല്ല ഈ ദുർഗതിവന്നതു്. അടുത്തകാലത്തു തന്നെ ലോകമാകെ കോളിളക്കമുണ്ടാക്കിയ കണ്ടുപിടുത്തങ്ങൾ നടത്തിയവരിൽ ഇന്ത്യയിൽനിന്നും പുറത്തുപോയ ഇന്ത്യാക്കാരുണ്ടു്. നോബൽ സമ്മാനം നേടിയ ഡോക്ടർ ഖൊറാണയുടെയും പ്രസിദ്ധ ഗണിതശാസ്ത്രജ്ഞനായ നർലിക്കറിൻേറയും പേരുകൾ പെട്ടെന്നു് ഓർമ്മ വരുന്നു. അമേരിക്കയുടെ തന്നെ ബഹിരാകാശഗവേഷണ ഭാഗത്തു് ഉയർന്ന സ്ഥാനങ്ങളിലിരിക്കുന്ന കുറെ ഭാരതീയരുണ്ടു്.

അതിനും പുറമേ അഭിമാനകരമായ ശാസ്ത്രപാരമ്പര്യം ചൈനയെപ്പോലെ തന്നെ ഇന്ത്യക്കുമുണ്ടു്. വെടിമരുന്നും കടലാസും തീപ്പെട്ടിയും അച്ചടിയും ലോകത്തിനു സംഭാവനചെയ്തതു് പുരാതനചൈനയാണ്. എന്നാൽ ഗണിതശാസ്ത്രത്തിലും ജ്യോതിശാസ്ത്രത്തിലും വൈദ്യത്തിലും രസതന്ത്രത്തിൽപോലും പുരാതന ഭാരതീയാചാര്യന്മാരെ വെല്ലുന്നവരായി സമകാലീനാരുമുണ്ടായിരുന്നില്ലെന്നു് ചരിത്രം പ്രഖ്യാപിക്കുന്നു. വിജ്ഞാനം തേടി ചൈനയിൽനിന്നും ലോകത്തിൻെറ മററു ഭാഗങ്ങളിൽ നിന്നും ഭാരതത്തിലേക്കാണ് പണ്ഡിതന്മാർ യാത്രനടത്തിയിരുന്നതു്.

ഈ ശാസ്ത്രപാരമ്പര്യങ്ങളിൽ നിന്നു ആവേശം കൊണ്ടു് പുതിയ ശാസ്ത്രവിജ്ഞാനത്തിൻെറ വെളിച്ചം ഉൾക്കൊണ്ടു് പുരോഗതിയിലേക്ക് അതിവേഗം കുതിച്ചെത്താൻ ഭാരതത്തിനു കഴിയാത്തതെന്തുകൊണ്ട്? ഭാരതത്തെയാകെ ഇളക്കിമറിക്കാൻ കഴിവുള്ള ഓരോ ഭാരതീയൻേറയും സിരകളെ ത്രസിപ്പിക്കുന്ന പ്രചോദനമരുളുന്ന ഒരുദേശീയ പ്രസ്ഥാനത്തിൻേറയും അഭാവമാണ് ഈ പരാജയത്തിൻെറ കാരണം. ശാസ്ത്രരംഗത്തായാലും സൈനിക രംഗത്തായാലും സംസ്ക്കാരികരംഗത്തായാലും കൊള്ളാം രാജ്യത്തെ മുഴുവൻ ആകർഷിക്കുന്ന പുരോഗതിയുടെ അടിത്തറയിടുന്നതു് അത്തരത്തിലുള്ള ദേശീയ രാഷ്ട്രീയ പ്രസ്ഥാനമാണു.

അവിടവിടെയായി വ്യക്തിപരമായ നേട്ടങ്ങൾ ഉണ്ടാകുകയില്ലെന്നല്ലാ ഈ പറഞ്ഞതിനർത്ഥം. അതു രാജ്യത്തിൻെറ നേട്ടമെന്നവകാശപ്പെടാനാവാത്ത ഒററപ്പെട്ട സംഭവങ്ങളായിരിക്കും. അങ്ങിനെ വ്യക്തിപരമായ നേട്ടങ്ങളുണ്ടാക്കുന്ന ഒററപ്പെട്ട പ്രതിഭാശാലികൾ പോലും പ്രചോദിതമായ ഒരു പ്രസ്ഥാനത്തിൻെറ ഭാഗമാകുന്നുവെങ്കിൽ, അവരുടെ നേട്ടങ്ങൾ ആയിരം മടങ്ങ് മികച്ചതാകുകയും ചെയ്യും.

ജവഹർലാൽ നെഹ്റു അങ്ങിനെയുള്ള ഒരു പ്രസ്ഥാനത്തെയുണ്ടാക്കിയില്ല. ബ്രിട്ടീഷ് പാരമ്പര്യങ്ങളിൽ വളർന്ന ആ മനുഷ്യനു ഭാരതത്തെ കണ്ടെത്താനും സാധിച്ചില്ല. സ്വതന്ത്ര ഇന്ത്യയുടെ പ്രധാനമന്ത്രിയായിരുന്ന നെഹ്റുവിൻെറ ഈ ദൗർബ്ബല്യങ്ങൾ ഇന്ത്യയെ മുഴുവൻ ബാധിച്ചു. മറിച്ച് മാവോസേതുങ്ങിൻെറ ചൈനയൊന്നാകെ സടകുടഞ്ഞെഴുന്നേററിരിക്കുന്നു. ചൈനയുടെ വീര്യം ആ രാജ്യത്തിൻെറ എല്ലാ സിരകളിലും ആവേശം പകർന്നുകൊണ്ട് കടന്നെത്തുന്നു. അതുകൊണ്ടുതന്നെ പഴയ സാമ്രാജ്യത്വത്തമേധാവിത്വത്തിൻെറ പിൻഗാമികളെ ഞെട്ടിച്ചുകൊണ്ടു് ചൈനയ്ക്കു് ഒന്നിനൊന്നു ശാസ്ത്രീയനേട്ടങ്ങൾ കൈവരുത്തുന്നു. വെറും മൂന്നുകൊല്ലം കൊണ്ടു് അണുബോംബിൽനിന്നും ഹൈഡ്രജൻ ബോംബിലെക്കു എത്താൻ ചൈനക്കു കഴിയുന്നു. ഈ നേട്ടമുണ്ടാക്കാൻ മികച്ച ശാസ്ത്രീയ പാരമ്പര്യമുള്ള ഫ്രാൻസിനു പത്തുകൊല്ലം വേണ്ടി

യും സ്റ്റാലിന്റെയും റഷ്യയിൽ എങ്ങിനെയാണ് തിരുത്തൽ വാദം ഉണ്ടായത്? റഷ്യയുടെ ഭരണക്കൂടം തിരുത്തൽ വാദികളുടെ കയ്യില അകപ്പെട്ടത്. സോഷ്യലിസത്തിലേക്കുള്ള മുന്നേററം കേവലം ചരിത്രപരമായ ഒരു പ്രക്രിയയാണെങ്കിൽ ഇടക്കവെച്ച് തിരുത്തൽ വാദവും പിന്നോക്കം പോക്കും എങ്ങിനെയുണ്ടാകുന്നു?

## സിദ്ധാന്തം സമ്പൂർണ്ണമല്ല

ഈ ചോദ്യങ്ങൾക്കുത്തരം കണ്ടെത്തേണ്ടത് മനുഷ്യരെ സംബന്ധിക്കുന്ന സിദ്ധാന്തങ്ങളൊന്നും സമ്പൂർണ്ണമല്ലെന്ന സത്യത്തിൽ തന്നെയാണ്. മാവോയിസത്തിനും സ്വാഭാവികമായ ഈ പരിമിതികളുണ്ട്. അപ്പോൾ തിരുത്തൽ വാദത്തിനിടയാകാത്ത ഒരു സിദ്ധാന്തവും ഉണ്ടാകുകയില്ലെന്നു തീർച്ച. എന്താണിതിനു കാരണമെന്നു നോക്കേണ്ടിയിരിക്കുന്നു. തിരുത്തൽ വാദം യാഥാർത്ഥത്തിൽ ലക്ഷ്യബോധത്തിൽ നിന്നുള്ള അകൽച്ച മാത്രമാണ്. അഖില ലോകസോഷ്യലിസ്റ്റ് വിപ്ളവമെന്ന ലക്ഷ്യത്തിൽ നിന്നു അകലുന്നുവെന്നതാണ് തിരുത്തൽ. വർഗ്ഗസഹകരണം അതിന്റെ ലക്ഷണമായി ഉണ്ടാകുന്നു. ആഗോളയുദ്ധം വഴി സോഷ്യലിസ്റ്റ് വിപ്ളവം അസാദ്ധ്യമായി എന്ന ബാഹ്യപരിതസ്ഥിതിയുടെയും ആദ്യത്തെ സോഷ്യലിസ്റ്റ് രാഷ്ട്രം സാമ്പത്തികമായും സ്വാധീന ശക്തിയിലും പിന്നീട്ടുണ്ടായ സോഷ്യലിസ്റ്റ് രാഷ്ട്രങ്ങളെക്കാൾ ഉയർന്ന നിലയിലായിയെന്നതും ഈ തിരുത്തലിനു കാരണമായിട്ടുണ്ട്. മുമ്പ് റഷ്യയെ രക്ഷിക്കാൻ ലോകമെമ്പാടുമുള്ള കമ്മ്യൂണിസ്റ്റുകൾ എന്തും ചെയ്യാൻ തയാറായിരുന്നു. കാരണം അന്നു റഷ്യയായിരുന്നു ലോക വിപ്ളവകാരികളുടെ നേതാവ്. ഇനിയൊരിക്കലും അത്തരത്തിൽ ഉണ്ടാകാൻ പോകുന്നില്ല. റഷ്യയേയോ ചൈനയേയോ രക്ഷിക്കാൻ വേണ്ടി ലോകത്താകെയുള്ള കമ്മ്യൂണിസ്റ്റുകൾ ഇനിമേലിൽ സമരസന്നദ്ധരാകുകയില്ല. റഷ്യയും ചൈനയും സ്വന്തം ദേശീയ താൽപ്പര്യത്തിനുവേണ്ടിയല്ലാതെ അന്യരാജ്യങ്ങളിലെ വിപ്ളവങ്ങളിൽ താല്പര്യം കാണിക്കുകയുമില്ല.

ഇന്നു കമ്മ്യൂണിസ്റ്റുകാരെ തടവിലാക്കിയിട്ടുള്ള ഈജിപ്തിനു ആയുധം കൊടുത്ത് സഹായിക്കാൻ റഷ്യ സന്നദ്ധമാണ്. കമ്മ്യൂണിസ്റ്റുകാരെ മർദ്ദിക്കുന്ന പാക്കിസ്ഥാനിലെ പട്ടാളഭരണത്തെ സഹായിക്കാൻ ചൈനയും അമേരിക്കയും സന്നദ്ധമാണ്. അതിർത്തികളുടെ പേരിൽ യുദ്ധം പരസ്പരം ചെയ്യാൻ കമ്മ്യൂണിസ്റ്റ് രാഷ്ട്രങ്ങളായ ചൈനയും റഷ്യയും ഒരുമ്പെട്ടിരിക്കുന്നു. സ്വയം നിർണ്ണയാവകാശത്തിന്റെ വക്താവായ ലെനിന്റെ റഷ്യ ചെക്കോസ്ലോവാക്യയിലേക്കു പട്ടാളത്തെ അയക്കുന്നു. ചൈനയും അമേരിക്കയുമായി വ്യാപാരബന്ധം മുറുകുന്നു. ദക്ഷിണാഫ്രിക്കയുമായി ചൈനയുടെ കച്ചവടം മുറക്കും നടക്കുന്നുമുണ്ട്. ഇതാണ് സാർവ്വദേശീയ കമ്മ്യൂണിസത്തിന്റെ നില.

ഈ പരിതസ്ഥിതികളിൽ എന്തായിരിക്കണം ഇന്ത്യയിലെ വിപ്ലവകാരികളുടെ മാർഗ്ഗം. പുറമെയുള്ള ശക്തികളിൽ നിന്നു പ്രചോദനം നേടിയും പുസ്തകം നോക്കിയും ഒരിടത്തും വിപ്ലവമുണ്ടായിട്ടില്ല. ഉന്ത്യയിലെ വിപ്ലവകാരികൾ സ്വയം ഒരു വിപ്ലവമാർഗ്ഗം കണ്ടെത്തേണ്ടതാണ്. സോഷ്യലിസ്റ്റ് സമൂഹമെന്ന ലക്ഷ്യത്തിൽനിന്നു ശ്രദ്ധതിരിക്കാതെ മുന്നേറുന്നെങ്കിൽ വിപ്ലവമാർഗം സ്വയം തെളിഞ്ഞു വരുമെന്നു പ്രത്യാശിക്കാം. അങ്ങിനെ തെളിഞ്ഞുവരണമെങ്കിൽ അതു് തെളിക്കാൻ തക്ക കഴിവുള്ള നേതാവും വേണ്ടിവരും. നേതാവിന്റെ സ്ഥാനവും പ്രസ്ഥാനത്തിന്റെ ശക്തിയും തമ്മിലുള്ള അഭേദ്യമായ ബന്ധം വിസ്മരിച്ചിട്ടു കാര്യമില്ല. റഷ്യയിൽ ലെനിൻ-ചൈനയിൽ – മാവോ. ഇന്ത്യയിൽ ആരു്?

---

(എഴുതാപ്പുറം തുടർച്ച)

മിററിക്കാരുടെ സോഷ്യലിസ്റ്റ് ജനമുന്നണിയെന്നു തീർച്ച. മാതൃഭൂമിയും മനോരമയും മുഖപ്രസംഗമെഴുതി സിൻഡിക്കേററിനെക്കൂടി മുന്നണിയിൽ ചേർക്കാൻ പറഞ്ഞാൽ അഡ്ഹോക്ക്കാർ അതിനു തയ്യാറാവുമെന്നു ഒട്ടും സംശയിക്കേണ്ട.

ആറുമാസത്തെ ചെയ്തികൾകൊണ്ട് ഗവർമ്മെണ്ടിനോട് സമീപനം മാറേറണ്ട നില വന്നിട്ടില്ലെന്നേ അഡ്ഹോക്കുകാർ ഇപ്പോൾ പറയുന്നുള്ളൂ. എത്രമാസം കഴിഞ്ഞാലും നില മാററുമെന്നു അച്ചുതമേനോൻ സംശയിക്കേണ്ട. ഒരു കാര്യം മാത്രം ശ്രദ്ധിക്കണം. മാതൃഭൂമിയും മനോരമയും നിലപാട് മാററാതെ നോക്കിയാൽ മതി. ജനസംഘത്തിനുപോലും നിലപാട് മാററാൻ തോന്നിക്കഴിഞ്ഞു. അഴിമതിയും സ്വജന പക്ഷപാതവും എന്തും ചെയ്യ്ത് അധികാരത്തിൽ തുടരലും കക്ഷിവഴക്കും സർവ്വോപരി ദേശീയ വിരുദ്ധ ശക്തികൾക്കു വളംവെച്ചു കൊടുക്കലും കാരണം ഈ മന്ത്രിസഭയെ എതിർക്കണമെന്നാണ് ജനസംഘക്കാരുടെ സംസ്ഥാന സമ്മേളനം തീരുമാനിച്ചത്.

പക്ഷെ ദേശീയ വിരുദ്ധ നിലപാടൊന്നും 'ദേശീയ പത്ര'ങ്ങൾ എതിർക്കാത്തിടത്തോളം കാലം അഡ്ഹോക്കുകാർ കാണുകയില്ലെന്നു ഉറപ്പിക്കാം. വലതു കമ്മ്യൂണിസ്റ്റുപാർട്ടി സോവിയററു യൂണിയനുവേണ്ടി ദാസ്യവൃത്തി നടത്തിയാലും മുസ്ലിം ലീഗു വർഗ്ഗീയത വളർത്തിയാലും അഡ്ഹോക്കുകാർക്കു സോഷ്യലിസവും മതേതരത്വവുമാണ്. വലതു കമ്മ്യൂണിസ്റ്റു പാർട്ടിയുടെ വിദേശക്കൂറ് അഡ്ഹോക്കുകാരുടെ ദേശീയതക്കു ചേരുന്നതാണ്. മാർക്സിസ്റ്റു കമ്മ്യൂണിസ്റ്റുകാരെ ഒററപ്പെടുത്തേണ്ടത് എന്തിന്റെ പേരിലാണെന്നു അഡ്ഹോക്കു കമ്മററിക്കാർക്കൊട്ടു പറയാനുമില്ല. വിദേശക്കൂറിൽ നിന്നു വിമുക്തമാവുകയും ജനാധിപത്യ ഭരണരീതിയനുസരിച്ച് പ്രവർത്തിക്കാൻ തയ്യാറാകുകയും ചെയ്യുന്നതും എററവും അധികം ജനപിന്തുണ ഒററ കക്ഷിയെന്ന നിലയിൽ ഉള്ളതുമായ മാർക്സിസ്റ്റു പാർട്ടിയെ ഒററപ്പെടുത്തി എന്ത് സോഷ്യലിസ്റ്റു ജനമുന്നണിയാണ് അഡ്ഹോക്കുകാർ ഉണ്ടാക്കാൻ പോകുന്നതെന്നു മനസ്സിലാകുന്നില്ല. മാർക്സിസററുകാരും കോൺഗ്രസ്സുകാരും യോജിച്ചാൽ തന്നെ സോഷ്യലിസ്റ്റ് ജനമുന്നണിയായി എന്ന നിലയുള്ളപ്പോൾ ദേശീയ വിരുദ്ധ വർഗ്ഗീയ ശക്തികളെ കൂട്ടുപിടിച്ച് മുന്നണിയുണ്ടാക്കാൻ കയ്യാറാകുന്ന അഡ്ഹോക്കുകാരെപ്പററി സാധാരണ കോൺഗ്രസ്സുകാർ എന്താണു ധരിക്കുക?

---

(കുറിപ്പുകൾ തുടർച്ച)

വന്നുവെന്നു വിസ്മരിക്കരുത്. ബഹിരാകാശത്തിലേക്കു ചീന കുതിച്ചെത്തിയതും മററാരേക്കാളും വേഗത്തിലാണ്.

ലോകത്തെ വലംവെച്ചുകൊണ്ട് ചീന പാടുന്ന 'കിഴക്കു ചുവന്ന ഗാനം' ഏഷ്യയിലും ആഫ്രിക്കയിലും ഇനിയും ഉറങ്ങിക്കിടക്കുന്ന ജനതയെ തുകിലുണർത്തുന്നപാട്ടായിത്തീരട്ടെ—കിഴക്കു വെള്ളകീറിപ്പുരക്കുന്നതുവരെ പുഷ്പങ്ങൾ വിരിയിക്കട്ടെ.

## ഉപതെരഞ്ഞെടുപ്പ് ഫലങ്ങൾ (12-ാംപേജ് തുടർച്ച)

1960 ൽ കോൺഗ്രസ്സുമായിച്ചേർന്നു ലീഗുണ്ടാക്കിയ ഐക്യമുന്നണി തിരുകൊച്ചി ഭാഗത്ത് മുസ്ലീംലീഗ് പടർന്നു പിടിക്കാനിടയാക്കി. പിന്നീട് 1962 ൽ നടന്ന പാർളിമെന്റ് തെരഞ്ഞെടുപ്പിലും പഞ്ചായത്ത് തെരഞ്ഞെടുപ്പിലും ഇത് പ്രകടമായിക്കണ്ടു. കോൺഗ്രസ്സ് കക്ഷിയടിസ്ഥാനത്തിൽ പഞ്ചായത്തുകളിലേക്കു മത്സരിക്കേണ്ടയെന്നു തീരുമാനിച്ചിരുന്നയവസരത്തിൽ തിരുകൊച്ചി ഭാഗത്ത് ചില പഞ്ചായത്തുകൾ തന്നെ മുഴുവൻ മുസ്ലീം ലീഗിന്റെ അധീനത്തിലായി. ലീഗിന്റെ വളർച്ചയിൽ കുഴപ്പമില്ലായെന്നു കരുതുന്നവർക്കൊഴികെയെല്ലാവർക്കും തന്നെ അത് വർഗ്ഗീയതയുടെ വളർച്ചയായേ കാണാൻ കഴിയുമായിരുന്നുള്ളു.

1965 ആയപ്പോഴേക്കും മുസ്ലീം ലീഗും .മാർക്സിസ്റ്റുകാരും പലയിടത്തും തെരഞ്ഞെടുപ്പ് ധാരണയുണ്ടാക്കി. 1965 ൽ മുസ്ലീം ലീഗിനു ആറു .സീററായിക്കുറക്കാൻ സാധിച്ചുവെന്നാണ് മാർക്സിസ്റ്റ് നേതാക്കൾ അഭിമാനിച്ചത്. എന്നാൽ ഇതിനു വേറെ കാരണങ്ങളുണ്ടായിരുന്നു. 1965 ൽ ഇ. എം. എസ്സ്. നമ്പൂതിരിപ്പാട് വളരെ തുറന്ന രീതിയിൽ തന്നെ പാക്കിസ്ഥാനനുകൂലമായ നിലപാടാണെടുത്തത്. ലീഗ് നേതാക്കൾ അങ്ങിനെ ചെയ്തില്ല. ഇ. എം. എസ്സിന്റെ ഈ നിലപാട് ലീഗ് ജനസാമാന്യത്തെ മാർക്സിസ്റ്റ് പാർട്ടിയോട് അടുപ്പിച്ചുവെന്നാണ് യാഥാർത്ഥ്യം. അതും കഴിഞ്ഞ് 1967 ആയപ്പോഴെക്കും മുസ്ലീം ലീഗ് നേതാക്കൾ കാര്യം മനസ്സിലാക്കി മാർക്സിസ്റ്റ് പാർട്ടിയുമായി ഐക്യമുന്നണിയുണ്ടാക്കി. മലബാറിൽ നിന്നു വിട്ട് തിരുകൊച്ചി പ്രദേശത്ത് മട്ടാഞ്ചേരിയെ പോലുള്ള മണ്ഡലങ്ങൾ ഐക്യമുന്നണിക്കാർ മുസ്ലീം ലീഗിനു കൊടുക്കേണ്ടിവന്നു. തിരുകൊച്ചിഭാഗത്ത് നേരത്തെ തന്നെ വ്യാപിച്ചു കഴിഞ്ഞ ലീഗ് പല മണ്ഡലങ്ങളിലും ഐക്യമുന്നണിക്കാർക്കു സഹായകവുമായി.

അധികാരത്തിൽ കയറിക്കഴിഞ്ഞ മുസ്ലീം ലീഗ് തങ്ങളെ കൂടാതെ ആർക്കും ഭരിക്കാനാവില്ലെന്ന പ്രചരണം നടത്തിക്കൊണ്ടിരുന്നു. വിഭാഗീയ പ്രവണതകൾ മുസ്ലീം ജന സാമാന്യത്തിൽ വളർത്തുകയും ചെയ്തു. മലപ്പുറം ജില്ല മുസ്ലീം ലീഗിന്റെ നേട്ടമാണെന്നു വരുത്തുന്നതിൽ അവർ വിജയിച്ചു. വർഗ്ഗീയതയുടെ പേരിൽ ജനസംഘക്കാർ മലപ്പുറം ജില്ലയെ എതിർത്തതും ഒരു കാര്യവുമില്ലാതെ കോൺഗ്രസ്സും ജില്ലയെ എതിർക്കാൻ കൂടിയതും മുസ്ലീം ലീഗിന്റെ നേട്ടമാണ് മലപ്പുറം ജില്ലയെന്നധാരണ മുസ്ലീമുകളിൽ വളർത്തുകയാണ് ചെയ്തത്. തങ്ങൾ ആരുമായും ഐക്യമുന്നണിയുണ്ടാക്കുന്നത് അണികളെ മുഴുവൻ വിഴുങ്ങാനാണെന്നു മാർക്സിസ്റ്റുകാർ കരുതാറുണ്ട്. പക്ഷെ മുസ്ലീം ലീഗിന്റെ കാര്യത്തിൽ അത് സാധിച്ചില്ലെന്നു മാത്രമല്ലാ മറിച്ചു സംഭവിക്കുകയും ചെയ്തു.

മലപ്പുറം ജില്ല കിട്ടിയതും കോഴിക്കോട് സർവ്വകലാശാല സ്ഥാപിച്ചതും, മുസ്ലീമുകളെ ഉയർന്ന ഉദ്യോഗങ്ങളിൽ നിയമിച്ചതും, അറബിഭാഷ പ്രചരിപ്പിച്ചതും, എന്തിനു സി. എച്ച്. മുഹമ്മദ് കോയ പോലീസ് മന്ത്രിയായതുപോലും മുസ്ലീം ലീഗിന്റെ ശക്തി വർദ്ധിപ്പിക്കുകയാണ് ചെയ്തത്. കാരണം ഇതെല്ലാം മുസ്ലീമുകൾക്കു ലീഗ് പിടിച്ചു വാങ്ങിയ നേട്ടങ്ങളാണെന്നാണ് പ്രചരണം. ന്യൂനപക്ഷ ബോധത്തിന്റെ പിടിയിലും പ്രത്യേക സംസ്കാര ചിന്തയിലും കുടുങ്ങിക്കിടക്കുന്ന മുസ്ലീം ജന സാമാന്യം ഈ പ്രചരണത്തിൽ ആകൃഷ്ടരായി കൂടുതൽ കൂടുതൽ മുസ്ലീം ലീഗ് അനുഭാവികളാകുന്നതിൽ അത്ഭുതമില്ല.

നിലമ്പൂരിൽ സംഭവിച്ചതും അതാണു്. മുസ്ലീംലീഗ് കേന്ദ്രവും ഭരിക്കാൻ പോകയാണെന്നു ബാഫക്കിതങ്ങൾ ചെയ്ത പ്രസംഗത്തിനു .മുസ്ലീം ജനസാമാന്യത്തെ സ്വാധീനിക്കാൻ എത്ര ശക്തിയുണ്ടെന്നു യാഥാർത്ഥ്യമറിയുന്നവർക്കറിയാം. ഇതിൽ ഇ. എം. എസ്സ് വിലപിച്ചിട്ടു കാര്യമില്ല. മുസ്ലീംലീഗ് അങ്ങോട്ടും ഇങ്ങോട്ടും തന്ത്രപരമായി മാറി കുറച്ച് മുസ്ലീമുകൾ സ്ഥാനമാനം നേടുന്നതു ജനസാമാന്യത്തിന്റെ മുമ്പിൽ നല്ല പ്രചരണായുധമാണ്. അത്കൊണ്ട് എല്ലാ മുസ്ലീമുകളും ലീഗിന്റെ കൊടിക്കീഴിൽ ഒന്നായി അണിനിരന്നാൽ കൂടുതൽ നേട്ടമുണ്ടാകുമെന്ന പ്രചരണം മുസ്ലീമുകൾക്കിടയിൽ വിലപ്പോവുകയും ചെയ്യും.

നിലമ്പൂർ ഉപതെരഞ്ഞെടുപ്പ് ഫലങ്ങൾ പുരോഗമന് വാദികൾക്കു ഒരു ചൂണ്ട പലകയാകേണ്ടതാണ്. വർഗ്ഗീയകക്ഷികളെ പ്രോത്സാഹിപ്പിക്കാതിരിക്കുന്നതിൽ രാഷ്ട്രീയ കക്ഷികൾ ഒന്നിച്ചുചേരണം. കേരളത്തിൽ മാർക്സിസ്റ്റുകാരും കോൺഗ്രസുകാരും ഇത് സംബന്ധിച്ച് ഒരു ധാരണയിലെത്തുന്നത് നന്നായിരിക്കും. ഇന്നേ അതിനു തയാറാകുന്നില്ലെങ്കിൽ നാളെ അതു് വേണ്ടിവരുമെന്നതിൽ സംശയമില്ല.

കാരണം അടുത്തപടിയായി മുസ്ലീം ലീഗ് ചെയ്യുക ഇന്ദിരാഗാന്ധിയുടെ കൂടെക്കൂടി കൂടുതൽ സംസ്ഥാനങ്ങളിലും കഴിഞ്ഞാൽ കേന്ദ്രത്തിലും സ്ഥാനമാനങ്ങൾ നേടാനുള്ള ശ്രമമാണു്. ഇനിയൊരിക്കലും മാർക്സിസ്റ്റുകാർക്കു ലീഗുകാരെ കൂടെക്കിട്ടുമെന്നു വ്യാമോഹം വേണ്ടതില്ല. അങ്ങിനെ കോൺഗ്രസ്സിന്റെ കൂടെ കൂടി ലീഗ്കാർ മററു സംസ്ഥാനങ്ങളിലും അധികാരം കയ്യാളുമ്പോൾ കേരളത്തിലെ സ്ഥിതി തന്നെയാണുണ്ടാവുകയെന്നും വ്യാമോഹിക്കേണ്ടതില്ല.

കേരളത്തിൽ മാർക്സിസ്റ്റുകാരെയാണ് മററുള്ളവർ പൊതുശത്രുവായിക്കാണുന്നതു്. അതുകൊണ്ട് ജനസംഘത്തിന്റെ വോട്ടുകൾ ഇവിടെ കുറഞ്ഞുവരുന്നതു കാണാം. ബംഗാളിലും സ്ഥിതി ഇതു് തന്നെയാണു്. എന്നാൽ മററിടങ്ങളിൽ പൊതുശത്രു മാർക്സിസ്റ്റുകാരല്ല. സിൻഡിക്കേററുകാരോ, ജനസംഘമോ, മററു സംഘടനകളോ ആയിരിക്കും. മുസ്ലീം ലീഗിന്റെ അറബി പ്രചരണവും വിഭാഗീയതയും അന്നു എത്ര രക്തക്കുരുതികൾക്കു ഇടവരുത്തുമെന്നു കണ്ടറിയാം.

പുരോഗമന വാദികളെ വർഗീയതക്കെതിരെയെത്തിക്കാൻ നിലമ്പൂർ പഠിപ്പിച്ചെങ്കിൽ നന്നായിരുന്നു. നിലമ്പൂർ ഉപതെരഞ്ഞെടുപ്പ് ഫലം സൂചിപ്പിക്കുന്നത് മുസ്ലീം വർഗീയതയുടെ വളർച്ചയാണെന്നത് ദുഃഖകരമാണെങ്കിലും സിൻഡിക്കേററുകാർ രണ്ട് ഉപതെരഞ്ഞെടു ദയനീയമായി പരാജയപ്പെട്ടത് നല്ലകാര്യമാണ്. കോൺഗ്രസ്സണികളിൽ സിൻഡിക്കേററിനു യാതൊരു സ്വാധീനവുമില്ലെന്നു ഉപതെരഞ്ഞെടുപ്പ് ഫലം നിസ്സംശയം വ്യക്തമാക്കുന്നു. കോൺഗ്രസ്സ് നേതൃത്വം എടുക്കുന്ന ഏതു പുരോഗമന നടപടിക്കും അണികൾ പിന്തുണ നൽകാൻ തയാറാണെന്നു തീർച്ചയാണ്. അണികളിൽ നിന്നു പ്രചോദനം നേടി നേതൃത്വം പുരോഗമന പരമായ നടപടികൾ സ്വീകരിക്കുമോ എന്നാണറിയേണ്ടിരിക്കുന്നത്.

....

Vol. 1

# NIRNAYAM

No. 13 (ERNAKULAM 26TH APRIL 1970) Price 35 Ps.

(കുറിപ്പുകൾ തുടർച്ച)

പ്രവർത്തന മണ്ഡലത്തിൽ പരമാധികാരമുള്ളവയാണെന്നും രണ്ടും തമ്മിൽ ഏററുമുട്ടേണ്ട കാര്യമില്ലെന്നും പറഞ്ഞുകേൾക്കാറുണ്ടു്. അങ്ങിനെയാണെങ്കിൽ ഇന്നത്തെ രീതിയിൽ അധികാര സംഘട്ടനങ്ങൾ എങ്ങിനെയുണ്ടാകുന്നു/ അതിൻെറ കാരണം കോടതികൾ തങ്ങളുടെ അധികാരാതിർത്തിയിൽ കവിഞ്ഞു് പാർളിമെൻറിൻെറ നടപടികളിൽ ഇടപെടുന്നതു മാത്രമാണു്. അതിനുള്ള ശിക്ഷ ജഡ്ജിമാർക്കു നൽകേണ്ട ചുമതല പാർളിമെൻറിനുണ്ടു്. അതോ ജഡ്ജിമാർ തെററുചെയ്താൽ ശിക്ഷയില്ലന്നുണ്ടോ?

ഇന്നത്തെ വ്യവസ്ഥകളനുസരിച്ചു് പാർളിമെൻറും കോടതികളും എല്ലാം തന്നെ പ്രവർത്തിക്കുന്നതും അധികാരം കയ്യാളുന്നതും ഭരണഘടന നൽകുന്നയധികാരാവകാശങ്ങളനുസരിച്ചാണു്. പരമാധികാരികളായ ജനങ്ങൾ ഉണ്ടാക്കിയ ഭരണഘടനയനുസരിച്ചു പാർളിമെൻറിനും കോടതികൾക്കും ചില ചുമതലകൾ നൽകിയിരിക്കുന്നു. ജനങ്ങൾ നേരിട്ടു തെരഞ്ഞെടുക്കുന്ന ജനപ്രതിനിധികളുടെ നിയമനിർമ്മാണ സഭയെ അവഹേളിക്കുന്നതു് ജനങ്ങളെയവഹേളിക്കലാണു്. അതുകൊണ്ടു് ഭരണഘടനലംഘിച്ച ജഡ്ജിമാരുടെ കുററം ഗൌരവതരമാണു്. ലോകസഭയിൽ സുപ്രീംകോടതിയുടെ ഭരണഘടനാ വിരുദ്ധ നടപടികളെക്കുറിച്ചു് ചർച്ച നടന്നിട്ടും അതു് ലാഘവ ബുദ്ധിയോടെ കാണാനാണു് ജഡ്ജിമാർ ശ്രമിക്കുന്നതു്. അവർ മാപ്പപേക്ഷിക്കേണ്ടതായിരുന്നു. ഇല്ലെങ്കിൽ അവരെക്കൊണ്ടു് മാപ്പു് പറയിക്കാൻ ലോകസഭ തയാറാകണം.

കോടതികൾക്കു ഈ ധിക്കാരം പ്രവർത്തിക്കാൻ ധൈര്യം നൽകുന്നതു് ചില സ്പീക്കർമാരുടേയും നിയമസഭാ സാമാജികരുടേയും ആത്മാഭിമാനമില്ലായ്മയാണെന്നും പറയേണ്ടിയിരിക്കുന്നു. സഭാനടപടി സംബന്ധിച്ചു് സഭ തീരുമാനിക്കേണ്ട പ്രശ്നങ്ങൾ കോടതിയിൽ കൊണ്ടു പോകാനാണു് പലപ്പോഴും നിയമസഭാ സാമാജികർ വ്യഗ്രത കാണിക്കുന്നതു്. ഉത്തരപ്രദേശിൽ ഉണ്ടായതു് അതാണു്. കേരളത്തിൽ നിയമസഭയിൽ ബഹളം നടന്നപ്പോഴും സ്പീക്കറുടെ നടപടി ന്യായീകരിക്കത്തക്കതായിരുന്നില്ല.

നിയമസഭക്കകത്തു് സാമാജികർക്കു ആവുന്നത്ര സംരക്ഷണം നൽകേണ്ടയാളാണു് സ്പീക്കർ. സഭക്കകത്തു് കൊലപാതകംവരെ നടന്നാലും അതു് പരിശോധിച്ചു് നടപടികൾ സ്വീകരിക്കാനുള്ള ഒരധികാരം സ്പീക്കർക്കും നിയമസഭക്കും മാത്രമായിരിക്കണം. കേരളത്തിൽ നിയമസഭയിലെ ചിലയംഗങ്ങൾ പ്രക്ഷുബ്ധമായ അന്തരീക്ഷത്തിൽ കുറച്ചു് ബഹളമുണ്ടാക്കിയപ്പോഴേക്കും അവർക്കെതിരായി കോടതി നടപടി സ്വീകരിക്കാൻ സ്പീക്കർ ദാമോദരൻ പോററി അദ്ദേഹത്തിൻെറ കീഴുദ്യോഗസ്ഥന്മാരെയനുവദിക്കുകയാണു് ചെയ്തതു്. ഈ പ്രശ്നങ്ങൾ സഭാതലത്തിൽ ഉന്നയിക്കാൻപോലും ശ്രമിക്കാതെ കോടതിയുടെ ഇന്നത്തെ പോക്കിൽ എതൃപ്പുള്ള എം. എൽ എ. മാർ പോലും പോയി കോടതിയിൽ ഹാജരാകുകയും ചെയ്തു.

ജനാധിപത്യ കീഴ്വഴക്കങ്ങളനുസരിച്ചു് ജനങ്ങളുടെ അവകാശങ്ങൾ സംരക്ഷിക്കുന്നതിനുള്ള കീഴ്വഴക്കങ്ങൾ പാലിക്കാൻ ചുമതലപ്പെട്ടവർ അതിനു സന്നദ്ധരാകാത്തതാണു് കൂടുതൽ അപലപനീയം. ഇതു് കാരണം കോടതികൾക്കു എന്തോ ദിവ്യമായ അധികാരമുണ്ടെന്നു ജഡ്ജിമാർ ധരിച്ചുവപോയിരിക്കുന്നു. നിയമസഭാതലത്തിൽ സ്പീക്കറാണു പൂർണ്ണാധികാരിയെന്നതാണു് ജനാധിപത്യകീഴ്വഴക്കം. നിയമസഭയുടെ വളപ്പനികത്തു് അദ്ദേഹം ഏകഛത്രാധിപതിയാണു് ഹൈക്കോടതികളുടേയും സുപ്രീംകോടതിയുടേയും കാര്യത്തിലും ഇതാണല്ലോ വ്യവസ്ഥ. ഈ വ്യവസ്ഥ മുതലെടുത്തു കൊണ്ടു് യാതൊരു നീതിബോധവും മര്യാദയുമില്ലാതെ ഹൈക്കോടതിയിൽ ജഡ്ജിമാർ സ്വന്തക്കാരെ തിരുകിക്കയററുകയും ഉദ്യോഗക്കയററം നൽകുകയും ചെയ്യുന്നുമുണ്ടു്.

ഏതായാലും ശരി ജഡ്ജിമാരുടെ ദുരഹങ്കാരം അവസാനിപ്പിക്കാൻ വൈകരുതു്. നിയമസഭകളേയും ജനപ്രതിനിധികളേയും ആദരിക്കാൻ അവരെ പഠിപ്പിക്കണം. മുമ്പൊരിക്കൽ കേരളഹൈക്കോടതിയിൽ നിയമസഭാ സാമാജികർ 'വട്ടപൂജ്യ'മാണെന്നു ഒരു അഭിഭാഷകൻ പറഞ്ഞതും പുഛരസത്തോടെ ഹൈക്കോടതി ജഡ്ജി ശരി വെച്ചതും ആയ സംഭവം ഓർക്കുന്നു. അന്നു് ഇതു കേരള നിയമസഭയിൽ അവകാശലംഘന പ്രശ്നമായി ഉന്നയിക്കുകയുണ്ടായി. നിയമ സഭാംഗങ്ങളെ അപേക്ഷിച്ചു ധീരത നടിച്ച ജഡ്ജി കാണിച്ച പരിഭ്രാന്തി അന്നു് കണ്ടതാണു്.

ഇങ്ങനെ ചില ഞെട്ടു ചികിൽസകൾ കോടതികൾക്കു കൊടുക്കുന്നതു് എന്തുകൊണ്ടും നല്ലതാണു്. ഒന്നാമതായി നമ്മുടെ ജഡ്ജിമാർക്കു ജനാധിപത്യ ഭരണ രീതികളെക്കുറിച്ചു അധികമൊന്നും അറിഞ്ഞുകൂടാ. അവരിൽ ഒട്ടുമുക്കാൽ പങ്കും ഭരണഘടന നിലനിൽ വരും മുമ്പേ തന്നെ നിയമബിരുദമെടുത്തവരാണു്. ആധാരക്കെട്ടുകളും ഭരണഘടനയും തമ്മിലുള്ള വ്യത്യാസം അവരെ മനസ്സിലാക്കിക്കൊടുക്കണം. തൽക്കാലത്തേക്കു അതെങ്കിലുംചെയ്യാം.

നിയമസഭാംഗങ്ങൾക്കും സ്പീക്കർമാർക്കും സ്വന്തം സ്ഥാനത്തിൻെറ വലിപ്പത്തെക്കുറിച്ചു ബോധമുണ്ടാകണം. അവർ അപകർഷതാബോധത്തോടെ കോടതികൾക്കു മുമ്പിൽ കൈകെട്ടി നിൽക്കാൻ സന്നദ്ധരാകുന്നതു് ജനാധിപത്യ വിശ്വാസമില്ലായ്മയാണു്. ഇതിൻെറ മകുടോദാഹരണമാണു് സ്വന്തം സ്ഥാനവലുപ്പത്തെ അവഹേളിച്ചു കൊണ്ടു് വി. വി. ഗിരി സുപ്രീംകോടതിയിൽ കമ്പിട്ടുനിന്നതു് രാഷ്ട്രപതി ഗിരിയുടെ നടപടിയിൽ ലജ്ജിക്കാത്ത ജനാധിപത്യ വിശ്വാസികൾ ഉണ്ടാകാനിടയില്ല.

Edited printed and published by M. A. John Convent Road, Cochin -11

at Empees press, Gopalprabhu Road, Cochin-11